# എന്തായിരിക്കണം സ്വന്തം ജീവിതമാർഗ്ഗം കണ്ടെത്താൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ



**കരിയർ എന്നത് വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കാം**

A Career is an alternative way of living and getting the right forms of the best part of one's own dreams.

ജീവിതം ഏത് വിധം ക്രിയാത്മകമായി ചിട്ടപ്പെടുത്തി ഏത് മാർഗ്ഗത്തിലൂടെ നയിക്കണം എന്ന അടിസ്ഥാന ചോദ്യത്തിന് ഉത്തരം എന്ന വിധം സംതൃപ്തമായി ഇത് എങ്ങനെ രൂപപ്പെടുത്താം എന്ന ആഗ്രഹ സാഫല്യത്തെ മുൻനിരത്തി ഉന്നതരായവരുടെ മാതൃകാപരമായ കരിയർ എങ്ങനെ തനിക്കും സ്വായത്തമാക്കാം എന്നുള്ള വ്യഗ്രതയിൽ നിന്നും ആശയങ്ങളും, സ്വപ്നങ്ങളും കോർത്തിണക്കി അവയിൽ ഭേദപ്പെട്ടതെന്ന് തനിക്ക് ബോദ്ധ്യം വന്നതോ അല്ലെങ്കിൽ മറ്റുള്ളവരാൽ ബോദ്ധ്യം വരുത്തപ്പെടുന്നതോ ആയ ദീർഘകാല ജീവിതമാർഗ്ഗത്തെയാണ് ഒരു വ്യക്തിയുടെ കരിയർ എന്ന് പറയുന്നത്.

സാധാരണയായി ഒരാൾ ജനിച്ച കുടുംബത്തിലെ അന്തരീക്ഷവും, വളർന്ന സമൂഹത്തിന്റെ സ്വാധീനവും, അദ്ധ്യാപകരുടെ സ്വാധീനവും, പഠനകാലയളവിൽ ലഭിച്ച അറിവിന്റെ സ്വാധീനവും, നാളിതുവരെ കണ്ട സ്വപ്നങ്ങളിൽ ഏറ്റവും സ്വാധീനിക്കപ്പെട്ടവയുടെ ജീവിതാവിഷ്കരണത്തിനുവേണ്ടിയുള്ള പ്രയഗ്നങ്ങളുടെ ഏകോപിത മാർഗമായിരിക്കണം തന്റെ ദീർഘകാല പ്രവർത്തന മേഖല തിരഞ്ഞെടുക്കാൻ ഒരുവന് പ്രേരകമാകേണ്ട ഘടകങ്ങൾ.

ഇനിയും ചില കുട്ടികൾ ജനിക്കുമ്പോൾ തന്നെ നൈസർഗീകമായ പ്രവർത്തനമികവ് പുലർത്തുന്നവർ ആണ്. ഇക്കൂട്ടർക്ക് ജീവിതമാർഗ്ഗം തിരഞ്ഞെടുക്കുവാൻ വളരെ എളുപ്പം ആണ്.

മറ്റ് ചില കുട്ടികൾ അനുകരണം വഴിയും, വർക്ക് സ്റ്റൈൽ, സോഷ്യൽ ഇന്ററാക്ഷൻ, വർക്ക് ലൈഫ് ബാലൻസ്, മണി മേക്കിംഗ് ട്രന്റ്, ജോബ് ടെൻഷൻ എന്നീ ഘടകങ്ങളുടെ സ്വാധീനത്തിൽ തങ്ങളുടെ പ്രവർത്തനമേഖല തിരഞ്ഞെടുക്കാറുണ്ട്.

ഫലഭൂഷ്ടമായ മണ്ണിലെ നല്ല വിളവ് ലഭിക്കുകയുള്ളു. അനുകൂല

സാഹചര്യം ഒരു വ്യക്തിയുടെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതിൽ പരമപ്രധാനം ആണ്. നല്ല കോഴ്സുകൾ കണ്ടെത്തിയതുകൊണ്ടുമാത്രം പോരാ, ദൈവസ്നേഹവും ദേശ സ്നേഹവും വളർത്തുന്ന ആധുനിക സാങ്കേതികവിദ്യയോട് കൂടിയ പരിശീലന ശാലകളും (കോളേജുകൾ) അവ പഠിപ്പിക്കാൻ വേണ്ട പരിശീലനം ലഭിച്ച അദ്ധ്യാപകരും പഠനാന്തരീക്ഷമുള്ള ക്ലാസ് റൂമുകളും മാത്രം പോരാ ഇവരെ പ്രോത്സാഹിപ്പിക്കാൻ പറ്റിയ ഭരണകൂടവും, ഉൾക്കൊള്ളുവാൻ പറ്റിയ പശ്ചാത്തല സൗകര്യവും ആണ് നമ്മളുടെ മക്കളുടെ ഭാവിക്ക് അനുകൂലമായ ഘടകങ്ങൾ. മേൽപ്പറഞ്ഞ എല്ലാ ഘടകങ്ങളും സമ്മേളിക്കുന്നിടത്തെ ലോകനവീകരണത്തിനുദകുന്ന വിദ്യാഭ്യാസം പൂർണ്ണമാകു. എങ്കിൽ മാത്രമേ നമ്മുടെ കുട്ടികൾക്ക് ജീവിതത്തിൽ വേറിട്ട നിമിഷങ്ങൾ കൈപ്പിടിയിൽ ഒതുക്കാൻ പറ്റിയ ഉയരങ്ങളിൽ എത്താൻ സാധിക്കു. എല്ലാവർക്കും നല്ലൊരു കരിയർ തിരഞ്ഞെടുക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

Director Career Guidance

NB: 1. നിങ്ങളുടെ കരിയർ സംബന്ധമായ എല്ലാ സംശയനിവാരണത്തിനും S S L C, +2 മാർക്ക് ഷീറ്റുമായി മാതാപിതാക്കളുടെ കൂടെ, അപ്പോയിന്റ്മെന്റ് എടുത്തശേഷം നേരിൽ വരിക.

2. ആവശ്യക്കാർ ധാരാളമുള്ളതും സീറ്റുകൾ പരിമിതമായതുമായ കോഴ്സുകളിലേക്ക് അഡ്വാൻസ് ബുക്കിംഗ് +1 റിസൽട്ടിന്റെ അടിസ്ഥാനത്തിൽ നടത്താവുന്നതാണ്.

3. അഡ്വാൻസ് ബുക്കിംഗ് ചെയ്താൽ സീറ്റ് ഉറപ്പിക്കുന്നതോടൊപ്പം സാമ്പത്തിക ലാഭവും കിട്ടുന്നതാണ്. അഡ്വാൻസ് ബുക്കിംഗ് ആരംഭിച്ചു കഴിഞ്ഞു.

4. 33 വർഷത്തെ പ്രവർത്തിപരിചയം നിങ്ങളുടെ കുട്ടിയുടെ ഭാവി തീരുമാനിക്കുന്നതിൽ നിർണ്ണായകമായ സഹായം ആകും.

5. പുതുതലമുറ കോഴ്സുകൾ തിരഞ്ഞെടുക്കാൻ പ്രത്യേക കൗൺസിലിംഗ് ലഭ്യമാണ്.

**വിശദവിവരങ്ങൾക്ക്: ഡയറക്ടർ, കരിയർ ഗൈഡൻസ് സെന്റർ, ജ്യോതി സൂപ്പർ ബസാർ, തൊടുപുഴ.** Mob: 09447421594

**www.careerguidancecentre.com, Email: johnta9447@gmail.com**

# വിദ്യാ ദീപം


| | | |
|---|---|---|
| രചന | : | റ്റി.എ. ജോൺ |
| ചീഫ് എഡിറ്റർ | : | ബിജു വഴിത്തല |
| പ്രസിദ്ധീകരണം | : | കരിയർ ഗൈഡൻസ്, തൊടുപുഴ |
| കവർ & ടൈപ്പ് സെറ്റിങ്ങ് | : | മിറാക്കിൾ വിഷ്വൽ മീഡിയ, തൊടുപുഴ |
| ഏഴാം പതിപ്പ് | : | 2022 ഡിസംബർ |
| കോപ്പിറൈറ്റ് | : | കരിയർ ഗൈഡൻസ്, തൊടുപുഴ |


NOT FOR SALE

# ഉള്ളടക്കം


4. വിദേശ വിദ്യാഭ്യാസം
5. പ്രിയാംമ്പിൾ ഓഫ് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷൻ
6. കേന്ദ്ര ഗവൺമെന്റിന്റെ രൂപരേഖ
7. വിവിധ സർവ്വീസുകൾ
12. പൊതുമേഖല ബാങ്കുകൾ
13. സ്റ്റേറ്റ് ഗവൺമെന്റുകളുടെ ഘടന
14. പി. എസ്. സി വഴിയുള്ള കേരളത്തിലെ നിയമനങ്ങൾ
16. കേന്ദ്രഗവൺമെന്റ് കമ്പനികൾ
18. പൊതുമേഖല ഇൻഷുറൻസ് കമ്പനികൾ
18. യൂണിവേഴ്സിറ്റി തസ്തികകൾ , ഓട്ടോണമസ് മേഖല
19. പ്രയോജനപ്രദമായ ചില വെബ്സൈറ്റുകൾ
20. ബി. എസ്. സി ഫോറൻസിക് സയൻസ്
21. ബി. എസ്. സി ഓൾട്ടർനേറ്റ് എനർജി
24. മെഡിക്കൽ, വെറ്റിനറി, ഫിഷറീസ്, ഡയറി
28. പാരാമെഡിക്കൽ
33. നഴ്സിംഗ്, മാനേജ്മെന്റ് കോഴ്സുകൾ
34. എൻജിനീയറിംഗ്
41. പോളിടെക്
42. അക്കൗണ്ടിംഗ്, **CA**, **CS**, പൈലറ്റ് ട്രെയിനിങ്
43. എയർലൈൻസ് കോഴ്സുകൾ
43. മാരിടൈം കോഴ്സുകൾ
44. ഹോട്ടൽ മാനേജ്മെന്റ്
45. സിനിമാരംഗം, നിയമ പഠനം, കംമ്പ്യൂട്ടർ കോഴ്സുകൾ
46. അദ്ധ്യാപന കോഴ്സുകൾ
47. ഇ–കോമേഴ്സ്
51. അബാക്കസ്
58. +2 വിന് ശേഷമുള്ള കോഴ്സുകൾ
60. പഠനരംഗത്തുള്ള സ്കോളർഷിപ്പുകൾ



STUDY ABROAD
STUDY | WORK | SETTLE
VISTOS GLOBAL
STUDY ABROAD CONSULTANTS
TRIVANDRUM | KOTTAYAM | ALAPPUZHA | KOCHI | CALICUT | KANNUR
CAREER GUIDANCE CENTRE
Career Guidance Centre
Associated with Vistos De Global
Fee Starts from
3.5 LAKHS
Courses:
Hospitality
Elderly Care
Management
Health Science
Our Services
Over 50+ Countries
Parent Co Travel Plan
One to One Assistance
More than 1000+ Universities
More than 80k+ Courses
Experience of 20 years
STUDY IN THE
UK
· Get up to 4,000 € Scholarship
· Spouse Can Accompany
· Leading to PR
· Free Education For Children's up to 16 yrs
3rd Floor, Jyothi supper Bazar, Thodupuzha, Idukki Dt, Kerala -685584
+91 94474 21594
+91 79070 02154
www.careerguidancecentres.in

# ആദ്യമായി ഇന്ത്യൻ ഭരണഘടനയുടെ ആത്മാവ് (PREAMBLE) എന്താണ് പറയുന്നതെന്ന് പരിശോധിക്കാം.

"WE THE PEOPLE OF INDIA, having solemnly resolved to constitute India into a

SOVEREIGN,

SOCIALIST,

SECULAR,

DEMOCRATIC,

REPUBLIC......... and to secure to all its citizens:

JUSTICE, ........... social economic and political;

LIBERTY ........... of thought, expression, belief, faith and worship;

EQUALITY ........ of status and opportunity, and to promote among them all

FRATERNITY..... assuring the dignity of the individual and the unity and integrity of the Nation".

ഹായ്! എത്രസുന്ദരമാണ് നമ്മുടെ ഇന്ത്യ. ഒരു ഇന്ത്യക്കാരനായിരിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം.

ഇന്ത്യാഗവൺമെന്റ് ഘടനയും, സ്ഥാനങ്ങളും, തസ്തികകളും ഏതൊക്കെയെന്ന് മനസിലാക്കിയതിനുശേഷം മാത്രമാണ് കരിയർ അന്വേഷണങ്ങൾക്കും കരിയർ ഗൈഡൻസിനും പ്രസക്തിയുള്ളു. കേന്ദ്രഗവ ൺമെന്റിന്റെ രൂപരേഖ എന്താണെന്നും കേന്ദ്രഗവൺമെന്റ് ഡിപാർട്ട്മെന്റിൽ വരുന്ന തസ്തികകളെക്കുറിച്ചും ഇനി മനസിലാക്കാം.

# ഇന്ത്യൻ ഭരണഘടനപ്രകാരം കേന്ദ്രഗവൺമെന്റിന്റെ ഘടന താഴെ കൊടുത്തിരിക്കുന്നു.



# ഇന്ത്യ ഗവൺമെന്റിന്റെ ഉദ്യോഗസ്ഥ വൃന്ദത്തെ പരിചയപ്പെടാം




## ഗ്രൂപ്പ് എ സർവ്വീസ് (ഓൾ ഇന്ത്യ സർവ്വീസ്)

a. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (IAS)
b. ഇന്ത്യൻ ഫോറിൻ സർവ്വീസ് (IFS)
c. ഇന്ത്യൻ പോലീസ് സർവ്വീസ് (IPS)

## മറ്റ് ഗ്രൂപ്പ് എ സർവ്വീസ്

1. ഇന്ത്യൻ ഓഡിറ്റ് & അക്കൗണ്ട്സ് സർവ്വീസ്
2. ഇന്ത്യ പി & റ്റി അക്കൗണ്ട്സ് & ഫിനാൻസ് സർവ്വീസ്
3. ഇന്ത്യൻ റവന്യൂ സർവ്വീസ്
   (a) ഇന്ത്യൻ കസ്റ്റംസ് & സെൻട്രൽ എക്സൈസ് സർവ്വീസ്
   (b) ഇന്ത്യൻ റവന്യൂ സർവ്വീസ് (ഇൻകംടാക്സ്)
4. ഇന്ത്യൻ ഡിഫൻസ് അക്കൗണ്ട്സ് സർവ്വീസ്
5. ഇന്ത്യൻ പോസ്റ്റൽ സർവ്വീസ്
6. ഇന്ത്യൻ സിവിൽ അക്കൗണ്ട്സ് സർവ്വീസ്

7. ഇന്ത്യൻ റയിൽവേ താരീഫ് സർവ്വീസ്
8. ഇന്ത്യൻ റയിൽവേ അക്കൗണ്ട്സ് സർവ്വീസ്
9. ഇന്ത്യൻ റയിൽവേ പേഴ്സണൽ സർവ്വീസ്
10. ഇന്ത്യൻ റയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്
11. ഇന്ത്യൻ ഡിഫൻസ് എസ്റ്റേറ്റ് സർവ്വീസ്
12. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസ്

## ഇനി ടെക്നിക്കൽ ഗ്രൂപ്പ് എ സർവ്വീസുകൾ പരിചയപ്പെടാം

1. ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ്
2. സിവിൽ എഞ്ചിനിയറിംഗ് ഗ്രൂപ്പ് എ സർവ്വീസ്, മെക്കാനിക്കൽ എഞ്ചിനിയറിംഗ് ഗ്രൂപ്പ് എ സർവ്വീസ്
3. കംബൈൻ്റ് മെഡിക്കൽ എ സർവ്വീസ്
4. ഇന്ത്യൻ എക്കോണോമിക്ക് & സ്റ്റാറ്റസ്റ്റിക്സ് സർവ്വീസ്
5. ഇന്ത്യ ജിയോളജിസ്റ്റ്
6. സ്പെഷ്യൽ ക്ലാസ്സ് റെയിൽവേ അപ്പെരെന്റിക്

## പ്രീമിയർ മിലിറ്ററി സർവ്വീസ് അല്ലെങ്കിൽ അൺ ഇൻഫോംഡ് സർവ്വീസ്

1. സെൻട്രൽ പോലീസ് ഫോഴ്സ്
2. നാഷണൽ ഡിഫൻസ് അക്കാദമി/നേവൽ അക്കാദമി
3. കംബൈൻ്റ് ഡിഫൻസ് സർവ്വീസ്

## സിവിൽ സർവ്വീസ് പരിശീലനത്തിനു വേണ്ട ചില വെബ്സൈറ്റുകൾ താഴെ ചേർക്കുന്നു.

1. www.jagranjosh.com
2. www.civilserviceindia.com
3. www.iaspreparationonline.com
4. www.iasaspirants.com

5. www.ClearIAS.com
6. www.Mrunal.org
7. www.UPSCPortal.com
8. www.gktoday.in
9. www.UPSCguide.com

## സിവിൽ സർവ്വീസ് പരിശീലനത്തിന് ഉപകരിക്കുന്ന ചില ഗവൺമെന്റ് സൈറ്റുകൾ പരിചയപ്പെടുത്താം

10. www.ncert.nic.in - Download NCERT Texts as PDF.
11. www.nios.ac.in - Download NIOS Online Materials.
12. www.egyankosh.ac.in - Download IGNOU Books.
13. www.yojana.gov.in - Download Yojana and Kurukshetra Magazines.
14. www.prsindia.org - PRS Website for tracking bills in parliament.
15. www.pib.nic.in - Press Information Bureau Website, for government updates.
16. www.idsa.in - IDSA website for Defence and Foreign relations.
17. www.gatewayhouse.in - Indian Council for Global relations.
18. www.envfor.nic.in - Ministry of Environment & forests.
19. www.mea.gov.in - Ministry of External Affairs.
20. www.indiabudget.nic.in - Download Budget and Economic Survey.
21. www.ptinews.com - Press Trust of India.
22. www.pdgroup.upkar.in - Pratiyogita Darpan Magazine.

## ഗ്രൂപ്പ് ബി സർവ്വീസ്

1. ഗസറ്റഡ് ഗ്രൂപ്പ് ബി സർവ്വീസ്
2. നോൺ ഗസറ്റഡ് ഗ്രൂപ്പ് ബി സർവ്വീസ് എന്നിങ്ങനെ രണ്ടായിതിരിച്ചിരിക്കുന്നു.

## UPSC വഴി നിയമനങ്ങൾ ഉള്ളവ

1. ആംഡ്ഫോഴ്സ് (ആർമി, നേവി, എയർ ഫോഴ്സ്)
2. യൂണിയൻ ടെറിട്ടറി പോലീസ് സർവ്വീസ്
3. യൂണിയൻ ടെറിട്ടറി സിവിൽ സർവ്വീസ്

## സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ വഴി നിയമനങ്ങൾ നടത്തുന്നവ

**(www.ssc.nic.in)**

കംബൈൻ്റ് ഗ്രാജ്യേറ്റ് ലെവൽ എക്സ്സാം

അസ്സിസ്റ്റൻ്റ് ഇൻ സെൻട്രൽ സെക്രട്ടേറിയറ്റ് ആംഡ്ഫോഴ്സ്

ഇൻസ്പെക്ടേർഴ്സ് ഇൻ സെൻട്രൽ എക്സൈസ്/ഇൻകം ടാക്സ് പ്രവൻ്റീവ് ഓഫീസേഴ്സ് ഇൻ എക്സൈസ് & കസ്റ്റംസ്

ഇൻസ്പെക്ടർ ഇൻ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ, ഡിവിഷണൽ അക്കൗണ്ടേഴ്സ് & ഓഡിറ്റേഴ്സ് ഇൻ സി & എ ജി, അപ്പർ ഡിവിഷൻ ക്ലാർക്ക് ഇൻ മിനിസ്ട്രീസ് & ഡിപ്പാർട്ട മെൻ്റ് etc.

## മുകളിൽ പറഞ്ഞിരിക്കുന്ന ഉദ്യോഗങ്ങൾക്ക് വേണ്ട പരിശീലനത്തിന് സഹായകരമായ വെബ്സൈറ്റുകൾ താഴെ കൊടുക്കുന്നു

1. www.gr8ambitionz.com
2. www.wiziq.com
3. www.careerleaps.com
4. www.tcyonline.com

## ഗ്രൂപ്പ് സി സർവ്വീസ്

ഇത് ക്ലറിക്കൽ ഗ്രേഡിൽ ടെക്നിക്കലും, നോൺ ടെക്നിക്കൽ ആയും, മൾട്ടി ടാക്സ് (MTS) എന്നിവയുമായി തിരിച്ചിരിക്കുന്നു.

ലോവർ ഡിവിഷൻ ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഗ്രേഡ് സി & ഡി സ്റ്റെനോഗ്രാഫർ എന്നീ നിലകളിൽ ആംഡ്ഫോഴ്സ്, ഇലക്ഷൻ കമ്മീഷനുകളിലും, ഇന്റലിജൻസ് ബ്യൂറോ, സിബിഐ, കട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ്, മിനിസ്ട്രി ഓഫ് പാർലമെന്റ് അഫയേഴ്സ്, പ്രസിഡന്റിന്റെ സെക്രട്ടേറിയറ്റ്, സെൻട്രൽ വിജിലൻസ് കമ്മീഷൻ, കട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ എന്നിവടങ്ങളിലേക്ക് നിയമിക്കപ്പെടുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന തസ്തികകളിലേക്ക് വേണ്ട തിരഞ്ഞെടുപ്പ് നടത്തുന്നത് SSC Combained Higher Seconday Board (10+2) Examination വഴി ആണ്.

SSC മൾട്ടി ടാക്സ് സ്റ്റാഫിനെ തിരഞ്ഞെടുക്കുന്നതിന് വേണ്ടി സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ എല്ലാവർഷവും SSC മൾട്ടി ടാക്സ്ക്കിംഗ് പരീക്ഷ നടത്തിവരുന്നു. കൂടാതെ റയിൽവേ റിക്രൂട്ട്മെന്റ് നടത്തിവരുന്ന എല്ലാ തസ്തികകളിലും ഗ്രൂപ്പ് സി സർവ്വീസിൽപ്പെടുന്നതാണ്. ഓർക്കുക ലോകത്തിലെ എട്ടാമത്തെ ഏറ്റവും വലിയ റിക്രൂട്ട് മെന്റ് ബോർഡാണ് റയിൽവേ ബോർഡ്. ഏകദേശം 1.4 മില്യൺ ജനങ്ങളുടെ കരിയറിനെയാണ് ഇവർ കൈകാര്യം ചെയ്യുന്നത്.

## സിവിൽ അൺ ഇൻഫോംഡ് സർവ്വീസ്

ഒന്നാമതായി ഇന്ത്യൻ പോലീസ് സർവ്വീസ് (IPS). a) ഡയറക്ടർ ജനറൽ ഓഫ് പോലീസ് (DGP), b) അസിസ്റ്റന്റ് കമ്മീഷണർ, c) സൂപ്രണ്ട് ഓഫ് പോലീസ്, കൂടാതെ സ്റ്റേറ്റ് ഐ പി എസ് കേഡറുകളിലേക്കും സെൻട്രൽ പാർലമെന്ററി ഫോഴ്സ് (CPO) Tier I : റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് (RPF), സെൻട്രൽ റിസേർവ് പോലീസ് ഫോഴ്സ് (CAPF) സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സ് (SPC) ഹോം ഗാർഡ് (HG), കമാൻഡോ ബറ്റാലിയൻ ഫോർ റെസല്യൂട്ട് ആക്ഷൻ (COBRA) എന്നീ തസ്തികകളും സെൻട്രൽ പാർലമെന്ററി ഫോഴ്സ് (CPFF) Tier II –ൽ വരുന്ന ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (BSF), നാഷണൽ സെക്യൂരിറ്റി ഗാർഡ് (NSG), സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (CISF), സഹസ്ര സീമാബെൽ (SSB), ഡിഫൻസ് സെക്യൂരിറ്റി ഫോഴ്സ് (DSC), ഇൻഡോ റ്റിബറ്റൻ ബോർഡ് ഓഫ് ഫോഴ്സ് (ITBP) കൂടാതെ കോൺസ്റ്റബിൾ, സബ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, അസിസ്റ്റന്റ്

കമാൻഡന്റ്, ഇൻവെസ്റ്റിഗേഷൻ ഏജൻസികളായ റിസേർച്ച് ആന്റ് അനാലിസിസ് വിംഗ് (RAW), സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ (CBI) ഇന്റലിജെന്റ്സ് ബ്യൂറോ (IB) എന്നിവയും ആണ്. യു പി എസ് സിയും ,എസ് പി എസ് സി വഴിയും റിക്രൂട്ട്മെന്റ് നടത്തിവരുന്നു.

മിലിറ്ററി അൺ ഇൻഫോംഡ് ഫോഴ്സ് – ആർമി, നേവി & എയർ ഫോഴ്സ്. മുകളിൽ പറഞ്ഞിരിക്കുന്ന അൺ ഇൻഫോംഡ് സർവ്വീസുകളിലേക്ക് വേണ്ട തിരഞ്ഞെടുപ്പ് നടത്തുന്നത് UPSC യുടെ മേൽനോട്ടത്തിൽ ഡിഫൻസ് അക്കാദമിയും നേവൽ അക്കാദമിയും നടത്തുന്ന കമ്പയിന്റ് ഡിഫൻസ് സർവ്വീസ് എക്സാം വഴിയും JIO-II/WT, JIO-II/EDP & PA ടെസ്റ്റുകൾ വഴിയും ആണ്.

## അടുത്തതായി പൊതുമേഖല ബാങ്കുകൾ പരിചയപ്പെടാം

1. റിസർവ്വ് ബാങ്ക് (സെൻട്രൽ ബാങ്ക്)
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
3. അലഹബാദ് ബാങ്ക് (www.allahabadbank.in)
4. ആന്ധ്രാ ബാങ്ക് (www.andrabank.in)
5. ബാങ്ക് ഓഫ് ബറോഡ (www.bankofbaroda.com)
6. കാനറാ ബാങ്ക് (www.canarabank.com)
7. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (www.centralbankofindia.co.in)
8. കോർപ്പറേഷൻ ബാങ്ക് (www.corporationbank.com)
9. ദേനാ ബാങ്ക് (www.denabank.com)
10. ഐ ഡി ബി ഐ ബാങ്ക് (www.idbi.com)
11. ഇന്ത്യൻ ബാങ്ക് (www.indianbank.in)
12. ഇന്ത്യൻ ഓവർസീസ് ബാങ്ക് (www.isb.in)
13. ഓറിയന്റൽ ബാങ്ക് ഓഫ് കോമേഴ്സ്(www.obcindia.co.in)

ബാങ്ക് ജോലികൾക്ക് വേണ്ട തയ്യാറെടുപ്പിന് (Study Material) താഴെ പറയുന്ന വെബ്സൈറ്റുകൾ പ്രയോജനപ്പെടുത്താം.

www.bankexamguide.com

www.bankexam.com

www.bankexampreparation.com

# വിവിധ സ്റ്റേറ്റ്/യൂണിയൻ ടെറിറ്ററീസ് ഗവൺമെന്റുകളുടെ രൂപരേഖ ഇനി പരിചയപ്പെടാം



ഭരണഘടനയുടെ ചാപ്റ്റർ II പാർട്ട് XIV നിർദ്ദേശപ്രകാരം സെൻട്രൽ ഗവൺമെന്റിലേക്കുള്ള റിക്രൂട്ട്മെന്റ് UPSCക്കും, ഭരണഘടന ആർട്ടിക്കിൾ 315 – 323 പ്രകാരം സ്റ്റേറ്റ് ഗവൺമെന്റ് റിക്രൂട്ട്മെന്റ്, സ്റ്റേറ്റ് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുമാണ് നടത്തപ്പെടുന്നത്.

ഇവിടെ എ ഗ്രൂപ്പ് സർവ്വീസ് വിഭാഗത്തിലേക്കുള്ള റിക്രൂട്ട്മെന്റ് കേന്ദ്രഗവൺമെന്റ് എ ഗ്രൂപ്പ് സർവ്വീസിലേതുപോലെയും ചില സ്റ്റേറ്റുകളിൽ B,C, D ഗ്രൂപ്പ് സർവ്വീസ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ വഴിയും നടത്തപ്പെടുന്നു. എന്നിരുന്നാലും മറ്റ് മിക്ക വേക്കൻസികളിലേക്കും ഉള്ള റിക്രൂട്ട്മെന്റ് PSC വഴിയാണ് നടക്കുന്നത്. ഇതിൽ ഗ്രൂപ്പ് D, C-യിൽ ലയിച്ച ശേഷം മൾട്ടി ടാസ്കിംഗ് സ്റ്റാഫ് ആയി നിലവിൽ അറിയപ്പെടുന്നു.

## PSC വഴി റിക്രൂട്ട്മെന്റ് നടത്തുന്ന കേരളത്തിലെ പ്രധാന തസ്തികകൾ താഴെ കൊടുക്കുന്നു.

1. പബ്ലിക് റിലേഷൻ ഓഫീസർ
2. മെഡിക്കൽ എജ്യൂക്കേഷനിൽ റ്റൂൾ ആന്റ് ഡൈ എഞ്ചിനിയറിംഗിൽ ഡെമോൺസ്ട്രേറ്റർ
3. ജൂനിയർ അസ്സിസ്റ്റന്റ് ഫോം മേറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്
4. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II, റൂറൽ ഡെവലപ്പ്മെന്റ്
5. ടെക്നിക്കൽ ഗ്രേഡ് II(ഇലട്രോണിക്സ്)
6. ജൂനിയർ ഇൻസ്ട്രെക്ട്ടർ മെക്കാനിക്ക്, ഇലട്രോണിക്സ് & ഇൻഡസ്ട്രീയൽ ട്രെയിനിംഗ്
7. ഫാർമ കെമിസ്റ്റ്, ആനിമൽഹസ്ബന്ററി
8. ജൂനിയർ ഇൻസ്ട്രെക്ട്ടർ
9. കേരള ഖാദി ഡെവലപ്പ്മെന്റ് & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്
10. പ്രോസ്സസ് സെർവർ/ഡെഫൻഡർ/കോർട്ട് കീപ്പർ/ ടെക്നീഷ്യൻ
11. III ഗ്രേഡ് ഓവർസീയർ/ട്രെയിസർ പബ്ലിക് വർക്ക്/ഇറിഗേഷൻ
12. IV ഗ്രേഡ് സ്റ്റെനോഗ്രാഫർ, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിങ്ങ് ലിമിറ്റഡ്
13. ഓവർസീയർ/ഡ്രാഫ്റ്റസ്മാൻ (മെക്കാനിക്കൽ) ഗ്രേഡ് I (പാർട്ട് – 1 ഡയറക്ട് റിക്രൂട്ട്മെന്റ്) ഇറിഗേഷൻ & (പാർട്ട് 2 – ഡിപ്പാർട്ടുമെന്റൽ കോട്ട) ഇറിഗേഷൻ
14. പെയിന്റർ: കേരള അഗ്രോ മിഷിനറി കോർപറേഷൻ

15. ഡിവിഷണൽ അക്കൗണ്ടന്റ് കേരള വാട്ടർ അതോരിറ്റി
16. അസ്സിസ്റ്റന്റ് എഞ്ചിനീയർ ഗ്രേഡ് II
17. ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് II ഹെൽത്ത് സർവ്വീസ്
18. പ്യൂൺ കം വാച്ചർ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ
19. സീനിയർ സൂപ്രണ്ട് ജനറൽ എജ്യൂക്കേഷൻ
20. അനലിസ്റ്റ് കെമിക്കൽ ടെസ്റ്റിംഗ് ഇൻഡസ്ട്രീസ്.
21. സൂപ്പർ വൈസർ ഫോം മേറ്റിംഗ് ഇന്ത്യാ ലിമിറ്റഡ്
22. നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത്
23. ലോവർ ഡിവിഷൻ ക്ലാർക്ക്, കേരള വാട്ടർ അതോരിറ്റി
24. അസ്സിസ്റ്റന്റ് സർവേയർ മറെയിൻ
25. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ
26. സീനിയർ മെക്കാനിക്ക് ഹാർബർ എഞ്ചിനീയറിംഗ്
27. ജൂനിയർ ഇൻസ്ട്രക്ടർ, ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ
28, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് കം പോർട്ട് ട്രസ്റ്റ്
29. വൊക്കേഷണൽ ഇൻസ്ട്രക്ടർ, കേറ്ററിംഗ് & റസ്റ്റൊറന്റ് മാനേജ് മെന്റ്
30. ഹോസ്പ്പിറ്റാലിറ്റി അസ്സിസ്റ്റന്റ് ടൂറിസം ഡിപ്പാർട്ട്മെന്റ്
31. ടെഡ് വാച്ചർ, ഹൈഡ്രോളിക് സർവ്വേ വിംഗ്
32. ജൂനിയർ ഇൻസ്ട്രക്ടർ, ഡ്രൈവർ കം മെക്കാനിക്
33. ടെക്നീഷ്യൻ ഗ്രേഡ് II ജനറൽ മെക്കാനിക്
34. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഗ്രേഡ് II റൂറൽ ഡെവലപ്മെന്റ്
35. ഡ്രാഫ്റ്റ്മാൻ ഗ്രേഡ് I (സിവിൽ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്
36. ജൂനിയർ ഇൻസ്ട്രക്ടർ, മെക്കാനിക് കൺസ്യൂമർ ഇലട്രോണിക്സ്
37. അറ്റൻഡേഴ്സ്
38. വൊക്കേഷണൽ ടീച്ചർ, റിസപ്ഷൻ, ബുക്ക് കീപ്പിംഗ്.
39. ലിഫ്റ്റ് ഓപ്പറേറ്റർ, ടൈം കീപ്പർ, പ്രിന്റിംഗ്
40. ലോവർ ഡിവിഷൻ ക്ലാർക്ക്
41. ഡ്രൈവർ ഗ്രേഡ് II കേരള സ്റ്റേറ്റ് ഹാഡ്ലൂം വിവേഴ്സ്
42. ലെക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് പോളിടെക്നിക്
43. വാച്ച്മാൻ, പോർട്ട് പ്യൂൺ/നൈറ്റ് വാച്ച്മാൻ
44. ലോവർ ഡിവിഷൻ ക്ലാർക്ക്
45. അസ്സിസ്റ്റന്റ് ഗ്രേഡ് II കോൺഫിഡൻഷ്യൽ
46. അറ്റൻണ്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ

47. ഫുൾടൈം ലാഗ്വേജ് ടീച്ചർ ജൂനിയർ (അറബി) എൽ പി എസ്
48. റേഡിയോഗ്രാഫർ ഗ്രേഡ് II
49. വൊക്കേഷണൽ ടീച്ചർ ഇൻ കംമ്പ്യൂട്ടർ ആപ്ലിക്കേഷൻ
50 ലിഫ്റ്റ് ഓപ്പറേറ്റർ - ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്
51. ട്യൂട്ടർ ടെക്നീഷ്യൻ - മെഡിക്കൽ എജ്യൂക്കേഷൻ
52. എസ്റ്റിമേറ്റർ കം ഡ്രാഫ്റ്റ്സ്മാൻ ഫോറസ്റ്റ് ഇൻഡസ്ട്രീസ്
53. അക്കൗണ്ടന്റ് - കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർപ്രൈസ്
54. ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
55. ജൂനിയർ ഇൻസ്ട്രക്ടർ ഡ്രോയിംഗ് ഇൻഡസ്ട്രീയൽ ട്രെയിനിംഗ്
56. ഫാർമസിസ്റ്റ് ഗ്രേഡ് II- ആയുർവേദം
57. ഫീൽഡ് ഓഫീസർ - ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ
58. ബോട്ട് ലാസ്കാർ- കേരള വാട്ടർ ട്രാൻസ്പോർട്ട്
59. ടെലഫോൺ കം റിസപ്ഷനിസ്റ്റ് ഗ്രേഡ് II കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ കോർപ്പറേഷൻ
60. വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ വൊക്കേഷണൽ ഹയർ സെക്കന്ററി എജ്യൂക്കേഷൻ കേറ്ററിംഗ് & റെസ്റ്റോറന്റ്

വേക്കൻസികളെക്കുറിച്ച് മനസിലാക്കാൻ ഉദ്യോഗാർത്ഥികൾ www.keralapsc.gov.in & www.keralagov.in. തുടങ്ങിയ സൈറ്റുകൾ കാണുക.

## കേന്ദ്ര, സ്റ്റേറ്റ് ഗവൺമെന്റുകളുടെ കീഴിലുള്ള കമ്പനികളിലേക്ക് വരുന്ന വേക്കൻസികളെക്കുറിച്ച് പരിചയപ്പെടാം

കേന്ദ്ര പബ്ലിക് സർവ്വീസ് അണ്ടർടേക്കിംഗുകളിലും സ്റ്റേറ്റ് പബ്ലിക് സർവ്വീസ് അണ്ടർടേക്കിംഗുകളിലേയും കാറ്റഗറികൾ മൂന്നായി തിരിച്ചിരിക്കുന്നു.

1. മഹാരത്നാ
2. നവരത്നാ
3. മിനിരത്നാ

**1.മഹാരത്നാ:-** ഈ ഗണത്തിൽ വരുന്ന ഗവൺമെന്റ് കമ്പനികളുടെ വാർഷിക അറ്റാദായം 20,000 കോടിക്കും 25,000 കോടിക്കും ഇടയിൽ ആയിരിക്കണം.

ഉദാ: 1. ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡ്, 2. കോൾ ഇന്ത്യാ ലിമിറ്റഡ്, 3. ഗെയിൽ ഇന്ത്യാ ലിമിറ്റഡ്, 4. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (IOC), 5. എൻ ടി പി സി ലിമിറ്റഡ്, 6. ഓയിൽ & നാചറൽ ഗ്യാസ് കോർപ്പറേഷൻ ലിമിറ്റഡ്, 7. സ്റ്റീൽ അതോരിറ്റി ഓഫ് ഇന്ത്യ.

**2.നവരത്നാ:-** കേന്ദ്രപൊതുമേഖലയിലുള്ള സ്ഥാപനങ്ങൾക്ക് നവരത്നാ പദവി ലഭിക്കുവാൻ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

(a) മിനിരത്നാ കാറ്റഗറിയിൽ എ ഗ്രേഡോടുകൂടിയ  കാറ്റഗറി 1 പദവി വേണം. (b) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കുറഞ്ഞത് മൂന്ന് 'Excellence' അല്ലെങ്കിൽ 'Very good' MoU റേറ്റിംഗ് ലഭിച്ച കമ്പനികൾ ആയിരിക്കണം. കൂടാതെ ആയിരം കോടി രൂപയുടെ മൂലധന നിക്ഷേപവും വേണം.

ഉദാ: 1. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, 2. ഭാരത പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, 3. എഞ്ചിനീയേഴ്സ് ഇന്ത്യാ ലിമിറ്റഡ്, 4. ഹിന്ദുസ്ഥാൻ എയ്റനോട്ടിക്സ് ലിമിറ്റഡ്, 5. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, 6. മഹാനഗർ ടെലഫോൺ നിഗം ലിമിറ്റഡ്, 7. നാഷണൽ അലൂമിനിയം കമ്പനി ലിമിറ്റഡ്, 8. നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, 9. എൻ എം ഡി സി ലിമിറ്റഡ്, 10. നെയ്‌വേലി ലിഗ്നേറ്റ് കോർപ്പറേഷൻ ലിമിറ്റഡ്, 11. ഓയിൽ ഇന്ത്യാ ലിമിറ്റഡ്, 12. പവർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, 13. പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്, 14. രാഷ്ട്രീയ ഇസ്പാത്ത് നിഗം ലിമിറ്റഡ്, 15. റൂറൽ ഇലട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, 16. ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്.

**3.മിനിരത്നാ:-** കാറ്റഗറി 1 ന് തുടർച്ചയായ മൂന്ന് വർഷത്തേക്ക് 3 കോടി വാർഷിക വരുമാനം ലഭിച്ചിരിക്കണം. കാറ്റഗറി 2 ന് കുറഞ്ഞത് 300 കോടി മുതൽമുടക്കെങ്കിലും വേണം. കൂടാതെ തുടർച്ചയായി 3 വർഷം 30 കോടി ലാഭം എങ്കിലും വേണം.

ഉദാ: 1. എയർപ്പോർട്ട് അതോരിറ്റി ഓഫ് ഇന്ത്യ, 2. ആൻഡ്രിക്സ് കോർപ്പറേഷൻ ലിമിറ്റഡ്, 3. ബാൾമർ സർവ്വീസ് ആൻഡ് കമ്പനി ലിമിറ്റഡ്, 4. ബി ഇ എം എൽ ലിമിറ്റഡ്, 5. ഭാരത്സഞ്ചാർ നിഗം ലിമിറ്റഡ്, 6. ബ്രിഡ്ജ് ആൻഡ് റൂഫ് കമ്പനി ഇന്ത്യാ ലിമിറ്റഡ്, 7. സെൻട്രൽ കോൾ ഫീൽഡ് ലിമിറ്റഡ്, 8. സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ, 9. ചെന്നൈ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, 10. കൊച്ചിൻ ഷിപ്പിയാഡ് കോർപ്പറേഷൻ ലിമിറ്റഡ്.

പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻഷ്വറൻസ് കമ്പനികളിലും ധാരാളം വേക്കൻസികൾ ഉണ്ട്.

ഉദാ: 1.എൽ ഐ സി, ജി ഐ സി, 2.ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, 3.ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, 4.യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്നിവയാണ്.

വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് മേഖലയിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽ ധാരാളം യൂണിവേഴ്സിറ്റികളിലും, ഡീംഡ് യൂണിവേഴ്സിറ്റികളിലും, പ്രൈവറ്റ് യൂണിവേഴ്സിറ്റികളിലും, കോളേജുകളിലും, സ്കൂളുകളിലും ധാരാളം ജോലി സാധ്യതകൾ ഉണ്ട്.

## ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിക്കുവേണ്ട യോഗ്യതകൾ മനസിലാക്കാം.

(a) നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (NET), (b) സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (SET), (c) ജൂനിയർ റിസേർച്ച് ഫെലോഷിപ്പ് (JRF), MEd, BEd, Phd, MPhil, TTC, MPed, BPed മുതലായ യോഗ്യതകൾ നേടി മുകളിൽ പറഞ്ഞ സ്ഥാപനങ്ങളിലേക്ക് ജോലിക്ക് അപേക്ഷിക്കാം.

## ഗവൺമെന്റ് തലത്തിലുള്ള ഓട്ടോണമസ് മേഖലയിലെ ജോലി സാധ്യത മനസിലാക്കാം.

ഓട്ടോണമസ് സ്ഥാപനങ്ങളായ IIT's, IIM's, രജിസ്റ്റേർഡ് സൊസൈറ്റികൾ, റിസേർച്ച് സ്ഥാപനങ്ങൾ, റെഗുലേറ്ററി സ്ഥാപനങ്ങൾ ആയ SEBI, കംപ്ലീഷൻ കമ്മീഷൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റിസേർച്ച്

സ്ഥാപനങ്ങൾ വിവിധ സംരഭങ്ങളായ ICAR, AIIMS, ദൂരദർശൻ, എയർ ഇന്ത്യ, പ്രസാർഭാരതി, മെട്രോ സിറ്റികൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, സംസ്ഥാന പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് മുതലായവകളിലെല്ലാം ധാരാളം തസ്തികകൾ ലഭ്യമാണ്.

- സെൻട്രൽ ഓട്ടോണമസ് സ്ഥാപനങ്ങളെക്കുറിച്ചറിയാൻ താഴെപ്പറയുന്ന വെബ്സൈറ്റുകൾ പ്രയോജനപ്പെടുത്തുക.
  http://goidirectory.nic.in/union_organisation. php?ct=E007
- കേരള ഗവൺമെന്റിന്റെ കീഴിലുള്ള ഓട്ടോണമസ് സ്ഥാപനങ്ങളെക്കുറിച്ച് അറിയാൻ
  http://www.kerala.gov.in/index.php?option=com_content & view = article&id=1734 & 1ternid=2318
- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളുടെ പട്ടികക്ക്
  http://mhrd.gov.in/nit
- സെൻട്രൽ യൂണിവേഴ്സിറ്റികളുടെ ലിസ്റ്റിനുവേണ്ടി
  http://mhrd.gov.in/central_univ_eng.
- NIT റിക്രൂട്ട്മന്റിനെക്കുറിച്ച് അറിയാൻ
  http://www.nitrr.ac.in/downloads/forms/admin/MRR_Faculty.pdf
- മറ്റ് റെഗുലേറ്ററി സ്ഥാപനങ്ങളെക്കുറിച്ച് അറിയാൻ
  http://archibe.india.gov.in/govt/studies/annex/8.1.1.pdf

രാജ്യത്തെ എല്ലാ സ്റ്റേറ്റുകൾക്കും സ്വന്തമായി വെബ്സൈറ്റ് ഉണ്ടാകും. അതിൽ പഞ്ചായത്ത് ഘടനയെക്കുറിച്ചും ഉദ്യോഗസ്ഥ വൃന്ദത്തെക്കുറിച്ചും റിക്രൂട്ട്മെന്റ് രീതികളെക്കുറിച്ചും അറിയാൻ സാധിക്കും.

- കേരളത്തിന്റെ വെബ്സൈറ്റ് താഴെ കൊടുക്കുന്നു.
  http://www.lsg.kerala.gov.in/en/index.php
- പ്രസാർഭാരതിയെക്കുറിച്ചറിയാൻ
  http://allindiaradio.gov.in/Oppurtunities/Recruitment/Pages/Simple.aspx
- പ്രസാർഭാരതിയിൽ വരുന്ന വിവിധ തസ്തികകളെക്കുറിച്ചറിയാൻ
  http://prasarbharati.gov.in/NR/rdonlyres/1AOFEE21-8F52-4B-BC10-495AIDF2AE18/20357/NewsReleaseason28032013.pdf
- സുപ്രീംകോടതിയിലെ വേക്കൻസികളെക്കുറിച്ചറിയാൻ
  http://supremecourtofindia.nic.in/recruitment.htm

പ്രൈവറ്റ് സെക്ടറിൽ വരുന്ന വമ്പൻ ലിമിറ്റഡ് കമ്പനികൾ ഗവൺമെന്റ് സെക്ടറിൽ ഉള്ളതിനേക്കാൾ പ്രോത്സാഹനകരമായ ശമ്പളവും അലവൻസുകളും നല്കിവരുന്നുണ്ട്. പബ്ലിക് സെക്ടറിനെ അപേക്ഷിച്ച് പ്രൈവറ്റ് സെക്ടറർ കൂടുതൽ ഇനിഷ്യേറ്റീവ് എടുക്കുന്നവരും, അതിനുതക്ക പ്രോത്സാഹനവും സാമ്പത്തിക ആനുകൂല്യങ്ങളും പ്രൈവറ്റ് സെക്ടറിൽ ലഭിക്കുന്നുണ്ട്. റ്റാറ്റാ, ബിർല, റിലയൻസ് പോലുള്ള ലോകോത്തര കമ്പനികൾ തുടങ്ങി താഴെ തട്ടിലുള്ള കമ്പനികൾ, വ്യവസായ ശാലകൾ, ഓഫീസുകൾ, ഫാമുകൾ, പ്ലാന്റേഷനുകൾ, വോളന്ററി അസ്സോസിയേഷനുകൾ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ മറ്റനേകം സംരംഭങ്ങൾ തുടങ്ങലിയവയിലെല്ലാം ധാരാളം തസ്തികകൾ ഉണ്ട്.

കരിയർ കൗൺസിലിംഗിനും ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഏത് കോഴ്സിന്റെയും അഡ്മിഷൻ സംബന്ധമായ എല്ലാ ഗൈഡൻസിനും സമീപിക്കുക.

DIRECTOR, CAREER GUIDANCE CENTRE, 3rd Flor, Jyothi Super Bazar , Thodupuzha. Idukki Dist., Kerala. Mobile: 09447421594

# കോഴ്സുകൾ

## 1. Bsc ഫോറൻസിക് സയൻസ്

അപ്ലൈഡ് സയൻസിലെ അതിന്യൂതനവും കുറ്റാന്വേഷണ മേഖലയിൽ ശോഭിക്കാൻ പറ്റിയതുമായ ശാസ്ത്രപഠനം ആണ് ഇത്. ഫോറൻസിക് സയൻസിൽ 27 ലേറെ അപ്ലൈഡ് സയൻസിന്റെ ശാഖകൾ ഉണ്ട്. കുറ്റാന്വേഷണ ശാസ്ത്ര തത്വങ്ങളും, കുറ്റം തെളിയിക്കാൻ വേണ്ട ടെക്നിക്കുകളടേയും പഠനം ആണ് ഈ ശാഖയിൽ നാം പഠിക്കുന്നത്. കുറ്റകൃത്യം നടന്ന സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന വിവിധ അടയാളങ്ങളും, കുറ്റം തെളിയിക്കാൻ പറ്റിയ വിവരശേഖരണവും നടത്തി അവയെ കുറ്റം നടത്തിയവർക്കെതിരെയുള്ള തെളിവുകൾ ആയി മാറ്റുകയാണ് ഫോറൻസിക് വിദഗ്ദർ ചെയ്യുന്നത്. നിയമവും വൈദ്യശാ

സ്ത്രവും സമ്മേളിക്കുന്ന ഒരു ശാസ്ത്ര ശാഖയാണ് ഫോറൻസിക് സയൻസ്. കുറ്റങ്ങളും സംഘടിതകുറ്റകൃത്യങ്ങളും പെരുകുന്ന ഈ സാഹചര്യത്തിൽ ഫോറൻസിക് ശാസ്ത്രജ്ഞരുടെ പ്രസക്തി ഏറെ വിലമതിക്കുന്നതാണ്.

വളരെയധികം തൊഴിലവസരങ്ങൾ ഉള്ള ഒരു പഠനമേഖയാണ് ഇത്. ഗവൺമെന്റിൽ, പോലീസ് വകുപ്പ്, ക്രൈം ബ്രാഞ്ച്, സി. ഐ. ഡി, ഫോറൻസിക് സയൻസ് ലാബോറട്ടറികൾ, ഇന്റലിജെൻസ് ബ്യൂറോ, ബാങ്കുകൾ, പ്രതിരോധമേഖല, കോടതികൾ, ക്വാളിറ്റി കൺട്രോൾ ബ്യൂറോ , നാർക്കോട്ടിക് വകുപ്പ്, യൂണിവേഴ്സിറ്റികൾ, ഹോസ്പിറ്റലുകൾ, ഡിറ്റക്റ്റീവ് ഏജൻസികൾ, ഇൻഷുറൻസ് കമ്പനികൾ, സെക്യൂരിറ്റി സർവ്വീസ് ഏജൻസികൾ, അഭിഭാഷകർ, നിയമസ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ എന്നീ നിലകളിൽ നല്ല ശമ്പളത്തോടുകൂടി സമൂഹത്തിൽ മാന്യതയുള്ള ജീവിതം നയിക്കാൻ സഹായകരം ആണ്.

നല്ല നിലവാരമുള്ള യൂണിവേഴ്സിറ്റിയിൽ ബി എസ് സി ഫോറൻസിക് സയൻസ്, എം എസ് സി ഫോറൻസിക് സയൻസ് എന്നീ കോഴ്സുകൾ ഉണ്ട്. +2 തലത്തിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി പാസ്സായവർക്ക് അപേക്ഷിക്കാം. എൻട്രൻസിൽ യോഗ്യത നേടുന്നവർക്ക് ഡൊണേഷൻ ഇല്ലാതെ പഠിക്കാൻ അവസരം ഉണ്ടാകും. എൻട്രൻസിന് സെന്റർ കേരളത്തിൽ ലഭ്യമാണ്. എൻട്രൻസിന്റെ ഫോമിനും മറ്റുവിവരങ്ങൾക്കും അഡ്മിഷൻ സംബന്ധമായ അന്വേഷണങ്ങൾക്കും ബന്ധപ്പെടുക. DIRECTOR, CAREER GUIDANCE CENTRE, 3rd Flor, Jyothi Super Bazar , Thodupuzha. Phone: 09447421594

## 2. Bsc Degree in Alternate Energy

ഫോസ്സിൽ ഫ്യൂവൽ ഉപയോഗിക്കാത്ത പ്രകൃതിയിൽ നിന്നും നേരിട്ട് മൂല്യം മുടക്കാതെ (ഫ്രീ) ഉപയോഗിക്കാൻ പറ്റിയ ഊർജ്ജം ആണ് ഓൾട്ടർനേറ്റ് എനർജി. ഇവയുടെ ഉപയോഗം പരിസ്ഥിതിക്ക് ദോഷം വരാത്തതും ആഗോളതപനം തടയുന്നതും ആണ്.

മനുഷ്യനിർമ്മിതമായ ഊർജ്ജം ആവശ്യാനുസരണം ദീർഘകാലത്തേക്ക് ഒരേ മൂല്യത്തിൽ ലഭിക്കാൻ സാധ്യതകുറവാണ്. ഇന്നിന്റെ ലോകം ഊർജ്ജത്തിന്റെ പ്രതിസന്ധി അനുഭവിച്ച്തുടങ്ങിക്കഴിഞ്ഞു. ഈ വേളയിൽ മനുഷ്യന്റെ ഊർജ്ജത്തിനുവേണ്ടിയുള്ള അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെയാണ് ഓൾട്ടർനേറ്റ്

എനർജിയുടെ ഉല്പാദനത്തിന്റെ പ്രസക്തി. പ്രകൃതിയിൽ നിന്നും ഉപയോഗിക്കാൻ പറ്റിയ ഓൾട്ടർനേറ്റ് എനർജി ഏതെല്ലാം ആണെന്നും, അവ എങ്ങനെ പ്രയോജനപ്രദമായ രീതിയിൽ ഏത് ടെക്നോളജി ഉപയോഗിച്ച് മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ ചിലവ് കുറച്ച് പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള പഠനം ആണ് ഈ കോഴ്സിലൂടെ നാം വിവക്ഷിക്കുന്നത്.

## ഓൾട്ടർനേറ്റ് എനർജികൾ ഏതെല്ലാം എന്ന് നോക്കാം

**1.സോളാർ എനർജി:-** സൂര്യനാണ് ഊർജ്ജത്തിന്റെ ഏറ്റവും വലിയ ഉറവിടം. സൂര്യരശ്മിയിൽ നിന്നും ഊർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പ്രക്രിയക്ക് ആണ് സോളാർ എനർജി എന്നു പറയുന്നത്. സൂര്യരശ്മിയിൽ നിന്നും ഉള്ള ചൂട് ഫോട്ടോ വോൾട്ടാമിക് സെല്ലിന്റെ സഹായത്തോടെ ഊർജ്ജം ആയി മാറ്റി മനുഷ്യന്റെ ആവശ്യാനുസരണത്തിന് ഉപയോഗിക്കാനും സംഭരിക്കാനും സാധിക്കും.

**2.കാറ്റിൽ നിന്നും ഉള്ള ഊർജ്ജം:-** സമുദ്രതലങ്ങളിലും തീരപ്രദേശങ്ങളിലും മലംപ്രദേശങ്ങളിലും ധാരാളമായി കാറ്റ് ലഭ്യമാണ്. മറ്റ് ചിലവുകൾ ഒന്നും ഇല്ലാതെ ഫ്രീയായി ലഭിക്കുന്ന കാറ്റിൽ നിന്നും റോട്ടർ ബ്ലേഡിന്റെ (വിന്റ് മിൽസ്) ന്റെ സഹായത്തോടെ ഏറ്റവും ചിലവ് കുറഞ്ഞ രീതിയിൽ പരിസ്ഥിതിക്ക് ദോഷം വരുത്താതെ ഉത്പാദിപ്പിക്കാൻ പറ്റിയ വൈദ്യുതിയാണിത്. കാറ്റിന്റെ പ്രത്യേകതകളെക്കുറിച്ചുള്ള പഠനവും ആധുനികമായ ഏതു സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടാണ് കാറ്റിനെ കൈകാര്യം ചെയ്യേണ്ടതെന്നും പഠിക്കുന്ന ശാസ്ത്രീയ രീതിയാണ് ഈ കോഴ്സിലൂടെ പഠിക്കുന്നത്.

**3.ജിയോതെർമ്മൽ ഊർജ്ജം:-** ഭൂമി ഉരണ്ടതാണെന്നും ഇതിന്റെ അകകാമ്പ് (മാന്റിൽ) ചുട്ടുപഴുത്ത് ഉരുകി തിളക്കുന്ന അവസ്ഥയിലാണെന്നും മനസ്സിലാക്കാത്ത ആരും ഉണ്ടെന്ന് തോന്നുന്നില്ല. ഭൂമിക്ക് ഉള്ളിൽ നിന്നും പുറത്തേക്ക് വരുംതോറും ചൂട് കുറഞ്ഞ് തണുത്ത പാറയും മണ്ണും ഉള്ളതുമൂലം ആണ് ജീവൻ ഭൂമിയിൽ തുടിക്കുന്നത്. ഭൂമിയുടെ ചില ഭാഗങ്ങൾ ഇപ്പോഴും തണുത്തുറയ്ക്കാതെ തീതുപ്പുന്ന അഗ്നിപർവ്വതങ്ങളായി നിലകൊള്ളുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണല്ലോ? അവയിൽ നിന്നും വരുന്ന നീരാവിയുടെ ശക്തി കൃത്യമായി നിർവചിക്കാൻ പറ്റുമോ? ഭൂമിയിൽ കിണർകുഴിച്ച് നാം കുടിവെള്ളം എടുക്കുന്നുണ്ട്. എന്നാൽ ഇത് തണുത്തതും ഉപയോഗപ്രദവും ആണ്. പക്ഷെ ഭൂമിയുടെ പലഭാഗത്തും ചൂടുവെള്ളം ഉള്ള ഉറവയും ലഭ്യമാണ്. അതായത് ഭൂമിക്കടിയിലുള്ള ചൂട് വെള്ളം, ചൂട് പാറ എന്നിവയിൽ നിന്നും ശക്തി

യുള്ള നീരാവി പുറത്തെടുത്ത് വലിയ ടർബൈനുകൾ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉണ്ടാക്കുന്ന ടെക്നോളജി ആണ് ഇതിൽ പഠിക്കുന്നത്.

**4.ബയോമാസ്സ്:-** ഭൂമിക്ക് മുകളിൽ ജീവനുള്ള മനുഷ്യൻ, സസ്യങ്ങൾ, മൃഗങ്ങൾ കൂടാതെ ഫാക്ടറികൾ, നഗരങ്ങൾ, എന്നിവിടങ്ങളിൽ ഉണ്ടാകുന്ന ബയോവെയ്റ്റുകൾ ശേഖരിച്ച് പ്രത്യേക ടെക്നോളജിയുടെ സഹായത്തോടെ ഊർജ്ജം ആയി മാറ്റുന്ന പ്രക്രിയയാണ് ഇത്.

മേൽ പറഞ്ഞ ഓൾട്ടർനേറ്റ് ഊർജ്ജത്തെക്കുറിച്ചും അവ എങ്ങനെ ഏത് ടെക്നോളജി ഉപയോഗിച്ച് മനുഷ്യന്റെ ആവശ്യാനുസരണം ഉപയോഗപ്പെടുത്താം എന്നതിന്റെ പഠനം ആണ് ഈ കോഴ്സുകളിലൂടെ നാം പഠിക്കുന്നത്. ഭാവിയിൽ നല്ല വളക്കൂറും ജോലി സാധ്യതയും ഈ മേഖലയിൽ കാണുന്നു. അമേരിക്കയിലെ 30തോളം സ്റ്റേറ്റുകളിൽ നിലവിൽ ഓൾട്ടർനേറ്റ് എനർജി ഉപയോഗിച്ചുവരുന്നു. മറ്റെല്ലാ വികസിതരാജ്യങ്ങളിലും ഇതിന്റെ ഉദ്പാധനവും ഉപയോഗവും തുടങ്ങിക്കഴിഞ്ഞു. ഇന്ത്യയിലും ഇതിൻെറ പ്രാധാന്യം വർദ്ധിച്ചുവരുന്നു. ഉടൻ തന്നെ ഈ മേഖലയിൽ അനേകം ജോലിക്കാരെ ആവശ്യമുണ്ട്. അഡ്മിഷനും മറ്റ് വിവരങ്ങൾക്കും നേരിൽ സമീപിക്കുക:

DIRECTOR, CAREER GUIDANCE CENTRE, 3rd Flor, Jyothi Super Bazar , Thodupuzha. Idukki Dist., Kerala. Mobile: 09447421594

## After Degree, Career Opportunities in Arts Faculty

A good job or Different competitive exams like MPSC / UPSC etc. or bank test exams.

To study following Post Graduate courses.

To continue study in M.A. to be a professor or teacher and or continue further to have Ph.D.

B.Ed., M.Ed. to accept the teaching field.

BSL/LLB/LLM to be legal advisor or a job in Law field.

Degree / Diploma in labour welfare / management / personal management / social welfare / social science from management institute or mass communication course (Advertising, Marketing, Journalism, Library Science) or CA/CS/CWA/CFA/CPA and after that IFRS.

Competitive Exams UPSC to be IAS, IFS, IPS, MPSC to be State Govt. Officers / Sr. Posts.

MBA/MMS/PGDM Management courses from IIM/University or renounced institute or PG Diploma.

# MBBS (Bachelor of Medicine & Bachelor of Surgery)

ആരോഗ്യ മേഖലയിലെ ഏറ്റവും കരുത്തുറ്റ കോഴ്സ് ആണ് MBBS. ഉയർന്ന ശമ്പളവും, സാമൂഹിക അംഗീകാരവുമാണ് ഈ കോഴ്സിന്റെ മാറ്റ് കൂട്ടുന്നത്. ഈ കോഴ്സ് തിരഞ്ഞെടുക്കുന്നതിന് PCB ക്ക് 50% മാർക്കാണ് യോഗ്യതയെങ്കിലും നല്ല മാർക്കും, സാമ്പത്തിക നിലയും ഉള്ളവർ, അല്ലെങ്കിൽ എൻട്രൻസുകളിൽ ഉയർന്ന റാങ്ക് കരസ്ഥമാക്കുന്നവർക്ക് മാത്രമേ അഡ്മിഷൻ ലഭ്യമാകൂ. പഠനഭാരം കൂടുതൽ ഉള്ള ഒരു ശാഖയാണിത്.

MBBS കഴിഞ്ഞാൽ താഴെപറയുന്ന ഡിപ്ലോമാ കോഴ്സുകളും, പി. ജി. കോഴ്സുകളും ലഭ്യമാണ്.

Diplomas :- D.CH, D. Ortho, Diploma in Otorhinolaringology (DO), Diploma in Obstetrics & Gynaecology) (D.G.O) Diploma in Dermatology Venerology & Leprosy (D.D.V.L), Diploma in Emergency medicine & Toxicology (DEMT), Diploma in Anaesthesiology (DA).

# MD/MS.

**Clinical :-** MD General Medicine, MD Paediatrics, MD Dermatology, Venerology & Leprosy. MD. Psychology, MS General Surgery, MS Orthopaedics, MS Ophthalmology, MS ENT, MD Obstetrics & Gynaecology, MD Anaesthesiology, MD Radio Diagnosis, MD Immuno Haematology, Blood Transfusion, MD Emergency Medicine, MD Accident & Critical Care Medicine.

**Non-Clinical :-** MD Anatomy, MD Physiology, MD Bio chemistry, MD pathology മുതലായ കോഴ്സുകൾ ലഭ്യമാണ്.

# BDS ( Bachelor in Dental Surgery)

ദന്തപരിചരണം ഒരു പരിഷ്കൃത സമൂഹത്തിന്റെ അളവുകോലായി മാറിക്കഴിഞ്ഞു. ദന്തരോഗ ചികിത്സ മാത്രമല്ല മറിച്ച് സൗന്ദര്യ വർധന ഉപാധി എന്ന നിലയിലും ഈ കോഴ്സിന് നല്ല പ്രചാരമുണ്ട്. കേരളത്തിലും അന്യസംസ്ഥാനങ്ങളിലും Dental Council of India യുടെയും State ഗവൺമെന്റുകളുടെയും, യൂണിവേഴ്സിറ്റികളുടെയും, അംഗീ

കാരങ്ങൾ വേണം. നിയമാനുസൃതമായി അഡ്മിഷൻ ലഭിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു.

BDS ന് ശേഷം MDS കോഴ്സിന് ചേരാം. പി.ജി.ക്ക് ഏതൊക്കെ കോഴ്സ് ലഭ്യമാണെന്ന് നോക്കാം. MDS ൽ Orale & Maxillofacial surgery, Oral Pathology & Micro biology,Orthodontic & Dento Facial, Orthopaedics, Oral Medicine & Radiology, Conservative Dentistry, Endodontics, Periodontology, Paedodontics & Preventive Dentistry, Prosthodontics Crown & Bridge എന്നീ കോഴ്സുകളും ലഭ്യമാണ്.

# BAMS (Bachelor of Ayurveda Medicine & Surgery)

ഭാരതത്തിന്റെ തനിമയാർന്ന ചികിത്സാരീതിയാണ് ആയുർവ്വേദം. രോഗത്തിന്റെ മൂലകാരണം കണ്ടുപിടിച്ച് ചികിത്സിച്ച് രോഗങ്ങളുടെ ആവർത്തനം തടഞ്ഞ് രോഗിക്ക് ആരോഗ്യം പ്രദാനം ചെയ്യുന്ന ചികിത്സാ രീതിയാണിത്. രോഗത്തെ ചികിത്സിക്കുന്നതിനുപകരം രോഗം വരാതെ സൂക്ഷിക്കുകയെന്നതാണ് ആയൂർവേദത്തിന്റെ അടിസ്ഥാന തത്വം. പച്ചമരുന്നുകൾ ആയതിനാൽ ചികിത്സക്ക് ദോഷഫലങ്ങൾ ഇല്ല. ആയൂർവേദം ഒരു സാധന ആണ്. സംസ്കൃത ഭാഷാ പരിചയവും നല്ല പാരമ്പര്യവും ഒത്തുചേർന്നാൽ ഈ മേഖലയിൽ ശോഭിക്കാൻ സാധ്യതകൾ ഏറെയാണ്. BAMS കഴിഞ്ഞവർക്ക് MD ആയൂർവേദയിൽ താഴെപ്പറയുന്ന സ്പെഷ്യലൈസേഷനുകൾ ലഭ്യമാണ്.

MD ദ്രവ്യഗുണ, പഞ്ചകർമ്മ, Basic Principles, കൗമാര വൃത്ത, അഗത തന്ത്രം, കായ ചികിത്സാ, ശാരീരം, രസതന്ത്രം, ദൈഷജ്യ കല്പന എന്നിവയും ശാലാക്യം, പ്രസൂതി തന്ത്ര എന്നീ MSകോഴ്സുകളും ലഭ്യമാണ്. ഈ കോഴ്സിന് Central Council of Indian Medicine (CCIM)ന്റെയും AYUSH ന്റെയും അംഗീകാരം ആവശ്യമാണ്.

# BHMS (Bachelor Homoeopathy Medicine & Surgery)

ആരോഗ്യ മേഖലയിൽ മറ്റൊരു സുപ്രധാന കോഴ്സ് ആണ് ഹോമിയോപ്പതി. ജർമ്മനിയിൽ ഉടലെടുത്ത ഒരു വൈദ്യശാസ്ത്ര ശാഖയാണ്. കുട്ടികൾക്കും പ്രായമായവർക്കും നമ്മുടെ നാ ട്ടിൽ സാധാരണ ചികിത്സയായി മാറികഴിഞ്ഞു ഹോമിയോപ്പതി. അലർജിക്കും, സംക്രമണ രോഗങ്ങൾക്കും പ്രത്യേക ചികിത്സ ലഭ്യമാണ്. അലോപ്പതിയേയും ആയൂർവേദത്തെയും അപേക്ഷിച്ച് അഡ്മിഷൻ കിട്ടാൻ എളു

പ്പവും എന്നാൽ പഠന ചെലവ് താരതമ്യേന കുറവും ആണ്. 4.5 വർഷ ത്തെ കോഴ്സും ഒരു വർഷത്തെ പ്രവർത്തി പരിചയവും കൂടി 5.5 വർഷ ത്തെ കോഴ്സാണിത്. സ്റ്റേറ്റ് ഗവൺമെന്റ്, അതാത് സംസ്ഥാനങ്ങളിലെ Health Universityകൾക്ക് പുറമെ Central Council of Homoeopathy, AYUSH, Govt. of India എന്നീ തലങ്ങളിൽ അംഗീകാരം ആവശ്യമാണ്. BHMS കഴി ഞ്ഞാൽ MD ഹോമിയോപ്പതിയിൽ വിവിധ പഠന ശാഖകൾ ലഭ്യമാണ്. MD (Hom) Practice of Medicine, Paediatrics, Psychiatry, Homoeopathic Pharmacy, Homoeopathic Materia Medica including Applied Aspects, Organon of Medicine & Homoeopathic Philosophy, Reperpory എന്നീ ശാഖകൾ ഉണ്ട്. കോഴ്സ് ദൈർഘ്യം മൂന്ന് വർഷമാണ്.

## BSMS (Bachelor of Sidha Medicine & Surgery)

കേരളത്തിലും തമിഴ്നാട്ടിലും ഏറെ പ്രചാരമുള്ള ഒരു വൈദ്യ ശാസ്ത്ര ശാഖയാണിത്. പരമ്പരാഗതമായിട്ടുള്ള ഒരു ചികിത്സാ രീതിയാ ണിത്. പച്ചമരുന്നുകളും, ആൾകെമിയും, പ്രഷർപോയിന്റ് മസാജുകളും ആണ് ഇതിന്റെ പ്രത്യേകത. ചില രോഗങ്ങൾക്ക് ഈ വിധമുള്ള ചികിത്സ വളരെ ഫലപ്രദവും ആണ്.

## BUMS (Bachelor of Unani Medicine & Surgery)

പ്രധാനമായും അറബികൾ വഴി ഗ്രീസ്സിൽ നിന്നും ഭാരതത്തിൽ വേരൂന്നിക്കൊണ്ടിരിക്കുന്ന ഒരു ചികിത്സാ രീതിയാണിത്. ഹിപ്പോക്രാ റ്റിക് ഫിലോസഫിയിൽ ഊന്നിയാണിതിന്റെ ചികിത്സ. പച്ച മരുന്നുകളും, മൃഗങ്ങളിൽ നിന്നും ഉൽപാദിപ്പിക്കുന്ന ചില മരുന്നുകളും, ശാരീരിക വ്യായാമങ്ങളും ഈ ചികിത്സയിൽ ഇടം നേടിയിട്ടുണ്ട്.

## BNYS (Bachelor of Naturopathy & Yogic Science)

ഇത് ആയുർവ്വേദവുമായി സാമ്യം ഉള്ള ഒരു വൈദ്യശാസ്ത്ര പഠ നരീതിയാണ്. സിന്തറ്റിക് വസ്തുക്കളുടെ ഉപയോഗം കുറച്ച്, പ്രകൃതി യിൽ നിന്നും ലഭിക്കുന്ന ഭക്ഷണവും, പ്രകൃതിക്കനുസൃതമായി ജീവിതം ചിട്ടപ്പെടുത്താൻ സഹായിക്കുന്ന ചികിത്സാ രീതികൾ പഠിപ്പിക്കുന്ന പഠ നശാഖയാണിത്. വിവിധയിനം യോഗാസനങ്ങളിലൂടെ ശരീരക്ഷമത വർദ്ധിപ്പിച്ച് രോഗകാരണങ്ങളെ അകറ്റി നിർത്തുന്ന രീതിയാണിതിൽ പഠിക്കുന്നത്.

## BVSc (Bachelor of Veterinary Science)

മൃഗസംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ട് മൃഗങ്ങൾക്ക് ഉണ്ടാകുന്ന രോഗങ്ങൾക്കും, രോഗ കാരണങ്ങൾക്കും ഉള്ള ചികിത്സാ രീതിയാണിതിൽ പ്രതിപാദിക്കുന്നത്. നല്ല ജോലി സാധ്യതയുള്ള ഒരു പഠന ശാഖയാണിത്.

## BSc, MSc & B.Tech Agriculture

കൃഷി സംബന്ധമായ കോഴ്സുകൾ ആണ് മുകളിൽ പറഞ്ഞിട്ടുള്ളവയെല്ലാം. നല്ല ജോലിസാധ്യതയുള്ള കോഴ്സുകളാണിവ. കാർഷിക രാജ്യമായ ഇന്ത്യയിൽ വിവിധയിനം കൃഷികൾ ആഹാരത്തിനും, വ്യവസായത്തിനും, അലങ്കാരത്തിനും വേണ്ടിയാണ് ചെയ്യുന്നത്. വിളകളെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചും, ചികിത്സയെക്കുറിച്ചും ഈ പഠനത്തിൽ പ്രതിപാദിക്കുന്നു. രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ പാകുന്നതിൽ മൂലക്കല്ലായി നിലകൊള്ളുന്ന മേഖലയാണിത്.

## Bsc, MSc, P.G. Diploma in Sericulture

അപ്ലൈയിഡ് സയൻസിന്റെ സമ്മിശ്രമായ ഒരു കൃഷി പഠനരീതിയാണിത്. കാർഷിക മേഖലയിൽ ഇതിന് സുപ്രധാന നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

## Bsc, MSc, Horticulture & Floriculture

പഴങ്ങളും പച്ചക്കറികളും, പൂക്കളും, റ്യൂബർ ക്രോപ്സ്, പ്ലാന്റേഷൻ ക്രോപ്സ്എന്നീ കൃഷി മേഖലയിൽ അത്ഭുതങ്ങൾ വിരിയിച്ചിട്ടുള്ള കൃഷിശാസ്ത്ര മേഖലയാണിത്. താൽപര്യം ഉള്ളവർക്ക് സ്വയംതൊഴിൽ പ്രദാനം ചെയ്യുന്ന കോഴ്സുകൾ ആണിത്.

# BSc, MSc, B.Tech Fisheries

നമ്മുടെ രാജ്യത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കാനും, ഇവയുടെ ആരോഗ്യപരിപാലനവും ലക്ഷ്യം വച്ചുകൊണ്ടുള്ള പഠനശാഖകൾ ആണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഓഷ്യനോഗ്രഫി, ഇക്കോളജി, ബയോളജി, ഇക്കോണോമിക്സ് എന്നീ മേഖലകളുടെ സമ്മിശ്ര പഠനരീതിയാണിതിൽ അവലംബിച്ചിരിക്കുന്നത്.

# BSc, MSc, B.Tech & M.Tech, Diary Science

Diary ഉൽപന്നങ്ങളുടെ ഉൽപാദനം, പാക്കിംഗ്, സംഭരണം, വിതരണം എന്നിവ പഠിപ്പിക്കുന്ന കോഴ്സുകൾ ആണ് മുകളിൽ പറഞ്ഞിരിക്കുന്നത്. ഈ മേഖലയിലും നല്ല തൊഴിൽ അവസരങ്ങൾ ഉണ്ട്.

# പാരാമെഡിക്കൽ

## ഫാർമസി

ഈ മേഖലയിൽ Diploma in Pharmacy, Bachelor in Pharmacy, Master in Pharmacy, Pharm D എന്നീ കോഴ്സുകൾ ലഭ്യമാണ്. +2 സയൻസ് പാസ്സായശേഷം രണ്ട് വർഷത്തെ കോഴ്സാണ് D Pharm . ഈ കോഴ്സ് പാസ്സാകുന്നവർക്ക് ഫാർമസികളിലും, മെഡിക്കൽ ഷോപ്പുകളിലും ജോലി സാധ്യത കാണുന്നു. മെഡിക്കൽ ഷോപ്പ് നടത്താൻ ലൈസൻസ് ഉള്ളവരാണിവർ. B. Pharm എന്നത് ഡിഗ്രി തലത്തിലുള്ള കോഴ്സാണ്. മരുന്നുകളും അവയുടെ കോമ്പിനേഷനുകളും, ഉപയോഗവും, ഉൽപാദനവും പഠിപ്പിക്കുന്ന ശാഖയാണ് ബിഫാം. ഫാർമസ്യൂട്ടിക്കൽ കമ്പനികളിലും, ഹോസ്പിറ്റലുകളിലും ജോലി സാധ്യത കാണുന്നു. നാല് വർഷം ആണ് പഠന ദൈർഘ്യം. M. Pharm ഇതിന്റെ P.G. കോഴ്സ് ആ്. Pharmaceutics, Pharmaceutical Chemistry, Pharmaceutical analysis, Pharmacology, Pharmacognosy & Phyto chemistry, Pharma Practice, Pharmaceutical Bio-Tech തുടങ്ങിയ ബ്രഞ്ചുകളാണ് ഉള്ളത്. കൂടാതെ MBA in Pharmacy എന്ന കോഴ്സും ലഭ്യമാണ്.

എന്താണ് Pharm 'D'എന്ന് മനസ്സിലാക്കാം. Doctorate in

Pharmacy എന്നാണ് ഈ കോഴ്സ് അറിയപ്പെടുന്നത്. ഡിഗ്രിയും, പിജിയും, PhDയും ഉൾപ്പെടുന്ന സമ്മിശ്ര കോഴ്സാണിത്. കോഴ്സിന്റെ ദൈർഘ്യം പ്ലസ്ടു കഴിഞ്ഞവർക്ക് പ്രാക്ടിക്കൽ സഹിതം 6 വർഷമാണ്. B. Pharm, M. Pharm എന്നിവയ്ക്ക് ശേഷം lateral entry വഴി പ്രവേശനം ലഭിക്കുന്നതാണ്. ഫാർമസി പഠനം താരതമ്യേന കടുപ്പമുള്ള കോഴ്സാണ്. 70%-ൽ കൂടുതൽ മാർക്ക് ഉള്ളവർക്ക് ഈ ശാഖയിൽ കടന്നുവരാം.

## ഫിസിയോതെറാപ്പി D.P.T. BPT, MPT, PhD

ശാസ്ത്രീയമായ വ്യായാമങ്ങളിലൂടെ ശാരീരിക വൈകല്യങ്ങൾ ചികിത്സിച്ച് ഭേദമാക്കുന്ന ഒരു പഠനരീതിയാണിത്. പ്രധാനമായും ഓർത്തോ ഡോക്ടർമാരുടെ നിർദ്ദേശം അനുസരിച്ച് രോഗികളെ ഫിസിയോതെറാപ്പിക്ക് വിധേയമാക്കുന്നുണ്ട്. ഫിസിയോതെറാപ്പി നൽകാൻ വേണ്ട പരിശീലനം ലഭിച്ചവർ ആണ് BPT, MPT കോഴ്സ് പാസ്സായ ഡോക്ടർമാർ. പഴയ തിരുമ്മുകൾക്ക് പകരം മെഷീനുകളുടെ സഹായത്തോടെ മസാജ് ചെയ്യുന്ന രീതിയാണിത്. കഴിഞ്ഞ കുറെ വർഷങ്ങൾ ആയി ഉറങ്ങികിടന്നിരുന്ന ഈ മേഖല ഉണർവിന്റെ ലക്ഷണങ്ങൾ കാണിച്ച് തുടങ്ങിയിട്ടുണ്ട്. MPT യിൽ Orthopaedic Physiotherapy, Neurological Physiotherapy, Cardio Therasic Physiotherapy, Sports physiotherapy, Hand Rehabilitation, Community Physiotherapy, Obsterics & Gynaecological Physiotherapy എന്നീ രണ്ട് വർഷ കോഴ്സുകൾ ലഭ്യമാണ്.

## Diploma in Health Inspector (DHI)

പൊതുജനാരോഗ്യത്തിന് ഹാനികരമായ ഭക്ഷണ പദാർത്ഥങ്ങൾ, മാലിന്യങ്ങൾ, മറ്റെല്ലാവിധ മാലിന്യ ഉറവിടങ്ങളും കണ്ടെത്തി നിയമാനുസൃതമായി നടപടികൾ സ്വീകരിക്കുന്നതിനും അതിനെതിരെ സമൂഹത്തിൽ ബോധവൽക്കരണം നടത്തുന്നതിനും പര്യാപ്തമാക്കുകയാണ് ഈ കോഴ്സിന്റെ പഠനലക്ഷ്യം. +2 സയൻസ് പാസ്സായവർക്ക് ഈ കോഴ്സിന് ചേരാം. ഗവൺമെന്റ് മേഖലയിൽ മാത്രമാണ് ജോലി സാധ്യത കാണുന്നത്.

## Bsc Degree in Cardiac Care Technology

ഹൃദയ സംബന്ധമായ രോഗനിർണ്ണയം നടത്താൻ വേണ്ട ഉപകരണങ്ങളുടെ പ്രവർത്തന രീതിയും, ഹൃദയ പരിചരണവും, പ്രവർത്തന രീതികളും പഠിക്കുന്ന ശാഖയാണിത്. ഹൃദയത്തിന് എവിടെയാണ് താളംതെറ്റുന്നത് എന്ന് കണ്ടുപിടിച്ച് ചികിത്സിക്കാൻ ഡോക്ടറെ സഹാ

യിക്കുന്ന പഠന രീതിയാണിത്. മൂന്നു വർഷത്തെ പഠന ദൈർഘ്യവും, ഏറ്റവും കുറഞ്ഞ ചെലവിൽ, കുറഞ്ഞ പ്രായത്തിൽ നല്ല ശമ്പളം ലഭിക്കുന്ന ഒരു പുതുതലമുറ കോഴ്സാണിത്. ശേഷം MSc Cardiac Care Techഎന്ന കോഴ്സും ലഭ്യമാണ്. Cardiac unit ഉള്ള എല്ലാ ഹോസ്പിറ്റലുകളിലും ജോലി സാധ്യതയുണ്ട്. വിദേശസാധ്യതയും നല്ല ശമ്പളവും ലഭിക്കുന്ന കോഴ്സാണിത്.

## Bsc Degree in Perfusion Tech

കാർഡിയാക് കെയർ ടെക്നോളജിയിൽ ഹൃദയ സംബന്ധമായ കാര്യങ്ങൾ മാത്രമാണ് പഠന വിഷയമെങ്കിൽ പെർഫ്യൂഷനിൽ ഹൃദയവും ശ്വാസകോശസംബന്ധമായ രോഗനിർണ്ണയവും ഉൾപ്പെടുന്നു. ഇവ പരസ്പരം ബന്ധപ്പെട്ട് നിൽക്കുന്ന പഠനശാഖയാണ്. ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും രോഗ നിർണ്ണയത്തിന് ഉപയോഗിക്കുന്ന മെഷീനുകളുടെ പ്രവർത്തനരീതികൾ പഠിക്കുന്ന ശാഖയാണിത്. Heart Hospital -ലുകളിലും, കാർഡിയാക് യൂണിറ്റുകളിലും നല്ലജോലി സാധ്യത കാണുന്നു. ഉയർന്ന ശമ്പളവും വിദേശജോലി സാധ്യതയും ഉണ്ട്. ഈ കോഴ്സിന്റെ പി.ജിയും ഡിപ്ലോമയും ലഭ്യമാണ്.

## BSc Degree in Imaging Tech

BSc റേഡിയോളജിയുമായി സാമ്യമുള്ള ഒരു കോഴ്സ് ആണിത്. ശരീരത്തിന്റെ മൊത്തമായും, ഭാഗികമായും ഉള്ള കോശങ്ങളുടെ ഇമേജുകൾ എടുത്ത് ഏത് ഭാഗത്താണ് രോഗം പിടിപെട്ടിരിക്കുന്നത് എന്നും രോഗത്തിന്റെ തീവ്രത, നിജസ്ഥിതി എന്നിവ മനസ്സിലാക്കി ഡോക്ടർക്ക് റിപ്പോർട്ട് നൽകുന്ന പഠനശാഖയാണിത്. പുതുതലമുറയിൽപ്പെട്ട ഈ കോഴ്സിനും നല്ല ഡിമാന്റാണ് ഉള്ളത്. നല്ല വിദേശസാധ്യതയും ശമ്പളവും ലഭ്യമാണ്.

## BSc Physician Assistant

ഫിസിഷ്യൻ ഡോക്ടർമാരുടെ സഹായി ആകാൻ വേണ്ട പഠന ശാഖയാണിത്. ശാരീരികമായി ഉണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് ഡോക്ടറെ കാണുന്നതിന് മുമ്പ് സമയം ലാഭിക്കാൻ വേണ്ടി രോഗിയുടെ രോഗവിവരങ്ങൾ മനസ്സിലാക്കി ചുരുക്കി വിവരങ്ങൾ ഡോക്ടറെ ധരിപ്പിക്കുന്ന പഠനശാഖയാണിത്.

## BSc Inhalation Tech

ശ്വസിക്കാൻ പ്രയാസം ഉള്ള രോഗികൾക്ക് വെന്റിലേറ്ററിന്റെ

സഹായത്തോടെ ശ്വസനപ്രക്രിയ പുനഃരുദ്ധീകരിക്കുന്നതെങ്ങനെ അഥവാ വെന്റിലേറ്ററിന്റെ പ്രവർത്തന രീതികൾ പഠിക്കുന്ന പഠനശാഖ യാണിത്.

## BSc Neuro Science

തലച്ചോറിനേയും, ഞരമ്പുകളെയും ബാധിക്കുന്ന രോഗങ്ങളെ ക്കുറിച്ച് പഠിക്കാനും രോഗനിവാരണത്തിനും, നിർണ്ണയത്തിനുള്ള ടെസ്റ്റു കൾ നടത്തി ഡോക്ടർക്ക് റിപ്പോർട്ട് നൽകുന്ന പഠനമേഖലയാണിത്. ഈ കോഴ്സിന്റെ MScയും പി.എച്ച്.ഡി.യും ലഭ്യമാണ്.

## BSc Nuclear Medicine

റേഡിയോ ആക്ടീവ് മൂലകങ്ങൾ ഉപയോഗപ്പെടുത്തി രോഗ നിർണ്ണയവും, രോഗചികിത്സയും സാധ്യമാക്കുന്ന പഠനമേഖലയാണിത്. എം.എസ്.സിയും പി.എച്ച്.ഡി.യും ഉപരിപഠനത്തിന് ലഭ്യമാണ്.

## BSc Optometry

കണ്ണ് സംബന്ധമായി വരുന്ന രോഗങ്ങളെക്കുറിച്ചും, രോഗ നിർണ്ണയത്തിനുതകുന്ന യന്ത്രങ്ങളുടെ പ്രവർത്തന രീതിയും സംബ ന്ധിച്ച പഠന ശാഖയാണിത്. കണ്ണുകളുടെയും ലെൻസുകളുടെയും നിർ മ്മാണത്തിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നവരാണിവർ. സ്വാഭാവിക മായും ഉയർന്ന മാർക്കുള്ള കുട്ടികൾക്ക് പഠിക്കാവുന്ന നല്ലൊരു കോ ഴ്സാണിത്. എം.എസ്.സിയും പി.എച്ച്.ഡിയും ഹയർസ്റ്റഡീസിന് ലഭ്യമാ ണ്.

## BSc Audiology and Speech Language Pathology

കേൾവിക്കുറവും, സംസാര വൈകല്യങ്ങളും കണ്ടെത്തി ഇവ പരിഹരിക്കാൻവേണ്ടി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പരി ഹാര മാർഗ്ഗങ്ങൾ നിർദേശിക്കുന്ന ഒരു പഠനശാഖയാണിത്. നല്ല ജോലി സാധ്യതയുണ്ട്. ഇതിന്റെ എം.എസ്.സിയും പി.എച്ച്.ഡി.യും ഉന്നത പഠ നത്തിന് ലഭ്യമാണ്. ഡോക്ടർ ആയി സേവനം അനുഷ്ഠിക്കാവുന്ന മേഖ ലയാണിത്.

## Bsc Operation Theatre Tech

ഒരു രോഗിയുടെ ഓപ്പറേഷന് മുമ്പ് തിയേറ്റർ എങ്ങനെ സജ്ജമാ ക്കാമെന്ന് പഠിക്കുന്ന പഠനശാഖയാണിത്. ഉപകരണങ്ങളും, ലൈറ്റ് സംവിധാനങ്ങളും ഓപ്പറേഷന് സഹായകരമാകുംവിധം തിയേറ്റർ തയ്യാ

റാക്കുന്ന പഠനമാണിതിൽ ഉൾപ്പെടുക. വിദേശത്തും സ്വദേശത്തും നല്ല ജോലി സാധ്യത കാണുന്നു.

## BSc. Ocupational Therappy

ശാരീരികവും മാനസികവുമായി ഉള്ള ചികിത്സയ്ക്ക് ശേഷം രോഗിയെ സാധാരണ നിലയിലേക്ക് മടക്കികൊണ്ടുവരുവാനുള്ള രീതികൾ ആണ് ഈ കോഴ്സിൽ പഠിക്കുന്നത്. പ്രധാനമായും റീഹാബിലിറ്റേഷൻ സെന്ററുകളിൽ ജോലി സാധ്യത കൂടുതൽ ഉണ്ട്, വിദേശ സാധ്യതകളും ധാരാളം ഉണ്ട്.

## BSc Diabatology

പ്രമേഹമുള്ള രോഗികൾക്കുവേണ്ട ബോധവൽക്കരണവും, പരിചരണവും രോഗാരംഭത്തിൽ ഉണ്ടാകുന്ന ലക്ഷണങ്ങളും, രോഗ കാരണങ്ങളെക്കുറിച്ചും പൊതുജനത്തെ ബോധവൽകരിക്കാൻ ഉതകുന്ന പഠനശാഖയാണിത്. ആഹാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും, പാലിക്കേണ്ട ജീവിതരീതിയുമാണ് ഇതിൽ പ്രതിപാദിക്കുന്നത്. ഈ കോഴ്സിന്റെ എം.എസ്.സി.യും ലഭ്യമാണ്.

## BSc Anesthesia Tech

ഓപ്പറേഷൻ സമയത്ത് എത്ര മണിക്കൂർ രോഗിയെ അബോധാവസ്ഥയിൽ ഡോക്ടർക്ക് ആവശ്യം ഉണ്ടെന്ന് മനസ്സിലാക്കി രോഗിയുടെ ആരോഗ്യവും, രോഗാവസ്ഥയും അറിഞ്ഞ് മരുന്നിന്റെ അളവ് നിർണ്ണയിച്ച് കുത്തിവയ്പ്പ് എടുക്കുന്ന ജോലിയാണിവർക്കുള്ളത്. വളരെ ശ്രദ്ധയും സൂക്ഷ്മ നിരീക്ഷണവും വേണ്ട ഒരു മേഖലയാണിത്. നല്ല ശമ്പളവും വിദേശ ജോലി സാധ്യതയും ഉണ്ട്.

## Bsc Renel Dialysis

കിഡ്നിയുടെ പ്രവർത്തന തകരാറുകൾമൂലം ശരീരകോശങ്ങൾക്ക് ആവശ്യമുള്ള ഓക്സിജനേറ്റഡ് രക്തം നൽകുവാനും, രോഗകാരണമായുള്ള അശുദ്ധ രക്തം ശരീരത്തിൽ നിന്നും മാറ്റി ശരീരത്തിന്റെ പ്രവർത്തനക്ഷമത നവീകരിച്ചെടുക്കാൻ സാധ്യമാക്കുന്ന പഠനമേഖലയാണിത്. രക്തത്തിന്റെ ക്രോസ് മാച്ചിംഗ് നടത്തി ഡയാലിസിസ് ചെയ്യുന്ന രീതിയാണിത്.

### Bsc in Blood Bank Tech

ബ്ലഡ് ഗ്രൂപ്പനുസരിച്ച് രക്തം സ്വീകരിക്കുന്നതിനും, സംഭരിക്കുന്നതിനും, സൂക്ഷിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും സഹായകര

മായ പഠനശാഖയാണിത്. ബ്ലഡ് ബാങ്ക് യൂണിറ്റുകളിലും, ഹോസ്പിറ്റലുകളിലും, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സെന്ററുകളിലും നല്ല ജോലി സാധ്യത കാണുന്നു.

## നേഴ്സിംഗ് GNM, Post Basic, BSc, MSc & PhD in Nursing

ആരോഗ്യ മേഖലയിൽ ഏറ്റവും അധികം തൊഴിലുകൾ ഉള്ളതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഈ മേഖലയിൽ ആണ്. കേരളാ നേഴ്സുമാർക്ക് ആഗോളതലത്തിൽ നല്ല പ്രാധാന്യം ഉണ്ട്. നിലവിൽ മെഡിക്കൽ കേളേജുകളിലും മറ്റ് കോളേജുകളിലും നിസാര പാക്കേജിൽ അഡ്മിഷൻ നടത്തിവരുന്നു. മൂന്നരവർഷത്തെ ജനറൽ നേഴ്സിംഗും, രണ്ട് വർഷത്തെ Post Basic നേഴ്സിംഗും, നാല് വർഷത്തെ BSc നേഴ്സിംഗും, രണ്ട് വർഷത്തെ എം.എസ്.സി നേഴ്സിംഗിനും ശേഷം രണ്ട് വർഷത്തെ പിഎച്ച്ഡിയും ചെയ്യാമെന്നുള്ളതാണ് ഈ കോഴ്സുകളുടെ പഠനസാധ്യത. എം.എസ്സി നേഴ്സിംഗിൽ Medical & Surgical, Psychiatric, OBG, Community, Paediatric & Health Nursing എന്നീ ബ്രാഞ്ചുകൾ ലഭ്യമാണ്.

## മാനേജുമെന്റു കോഴ്സുകൾ

സാധാരണയായി BBA, BBM, എന്നീ കോഴ്സുകൾ ഡിഗ്രി തലത്തിലും MBA പിജി തലത്തിലും നടത്തിവരുന്നു. BBAയും, BBM ഉം തമ്മിൽ വലിയ വ്യത്യാസം ഇല്ല. MBA യ്ക്ക് 45% മുതൽ 50% വരെ മാർക്ക് ഏതെങ്കിലും ഡിഗ്രിയിൽ ലഭിക്കുകയും കൂടാതെ ഫെബ്രുവരി, മെയ്, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിൽ നടത്തുന്ന MAT പാസ്സായവർക്കും കോഴ്സിന് ചേരാം. MBA-യിൽ ധാരാളം സ്പെഷിലൈസേഷനുകൾ ലഭ്യമാണ്. മാർക്കറ്റിംഗ്, ഫിനാൻസ്, ബാങ്കിംഗ്, ഹ്യൂമൺ റിസോഴ്സ്, എയർ ലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ്, പോർട്ട് ട്രസ്റ്റ് മാനേജ്മെന്റ്, ഹെൽത്ത് കെയർ, പേഴ്സണേൽ, ഇവന്റ് മാനേജ്മെന്റ്, ഇ കോമേഴ്സ്, റീടെയ്ൽ, പ്രൊഡക്ഷൻ, ഹോട്ടൽ മാനേജ്മെന്റ്, ഹോസ്പിറ്റൽ മാനേജ്മെന്റ്, സിസ്റ്റംസ്, എക്സ്പോർട്ട്, മീഡിയ ആന്റ് എന്റർടെയിൻമെന്റ്, ഫാമിലി ബിസിനസ്സ്, ഇൻഫർമേഷൻ ടെക്നോളജി, സപ്ലൈചെയിൻ & ഓപ്പറേഷൻ മാനേജ്മെന്റ്, ഇന്റർനാഷണൽ ബിസിനസ്സ്, മാർക്കറ്റിംഗ് & ഡിജിറ്റൽ മീഡിയ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഡിജിറ്റൽ മാർക്കറ്റിംഗ്, മുതലായവ.

# MSW (Master of Social Work) &
# BSW (Bachelor of Social Work)

പരിഷ്കൃത സമൂഹത്തിൽ സാമൂഹ്യ നൻമ ലക്ഷ്യമാക്കിയുള്ള പഠനമേഖലയാണിത്. എംഎസ്.ഡബ്ല്യൂ എന്ന കോഴ്സിൽ പേഴ്സണൽ, ഹ്യൂമൻ റിസോഴ്സസ്, സൈക്കോളജി മുതലായ ശാഖകൾ ഉണ്ട്. പ്രധാനമായും പബ്ലിക് റിലേഷൻ ഓഫീസർ ആയും, സെൻട്രൽ ഗവൺമെന്റുകളുടെ പ്രൊജക്ട് ഓഫീസർമാരായും, പ്ലാന്റേഷനുകളിൽ പിആർഒ ആയും, ഡോക്ടർമാരുടെ അസിസ്റ്റന്റ്മാരായും, സ്റ്റുഡൻസ് കൗൺസിലർമാരായും, ഇറ്റലി, ജർമ്മനി, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിലും നല്ല ജോലി സാധ്യത കാണുന്നു.

# MTA (Master of Tourism Administration)

ഡിഗ്രി തലത്തിൽ 50% മാർക്കുള്ളവർക്ക് ചേരാവുന്ന ഒരു കോഴ്സാണ് ഇത്. സെൻട്രൽ & സ്റ്റേറ്റ് ഗവൺമെന്റുകളുടെ ടൂറിസം ഡിപ്പാർട്ടുമെന്റുകളിലും, ഹോട്ടൽ മേഖലകളിലും, ടൂർ പാക്കേജ് സ്ഥാപനങ്ങളിലും ജോലി സാധ്യത കാണുന്നു.

# Engineering

എഞ്ചിനിയറിംഗിൽ ഏതാണ്ട് 262ൽപ്പരം ശാഖകൾ നിലവിലുണ്ട്. ധാരാളം ശാഖകൾ പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. Mechanical, Electrical & Civil എന്നിവയാണ് കോർ എഞ്ചിനിയറിംഗ് ശാഖകൾ. ഏതൊരു സമ്പദ്ഘടനയുടെയും അടിസ്ഥാന ഘടകം ആണിവ. ഈ മൂന്ന് ബേസിക് ശാഖകളിൽ ഊന്നിയാണ് മറ്റെല്ലാ ശാഖകളുടെയും നിലനിൽപ്പും, വളർച്ചയും, തളർച്ചയും. ഏത് കാലഘട്ടത്തിലും ഈ മൂന്ന് ശാഖകളുടെയും ജോലി സാധ്യതാ ഗ്രാഫ് നോക്കുകയാണെങ്കിൽ സ്ഥിരതയാർന്ന മുന്നോട്ടുള്ള നീക്കം മാത്രമാണുള്ളത്. (Slow but steady growth) മറിച്ച് IT, Computer, Electronics പോലുള്ള ശാഖകൾ വ്യക്തതയില്ലാത്ത കയറ്റിറക്കങ്ങൾക്ക് വിധേയമാണ്.

AMEയും എഞ്ചിനിയറിംഗും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് മനസ്സിലാക്കാം. AME എന്നത് ഒരു ഡിഗ്രിയോ ഡിപ്ലോമയോ അല്ല മറിച്ച് 'ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഗവൺമെന്റ് ഓഫ് ഇന്ത്യ'യുടെ ഒരു ലൈസൻസിംഗ് കോഴ്സ് ആണ്. എന്തിനുവേ

ണ്ടിയുള്ള ലൈസൻസ് ആണെന്ന് പരിശോധിക്കാം. AMEയിൽ മെക്കാനിക്കൽ, ഇലക്ട്രോണിക്സ്, ഏവിയോണിക്സ് എന്നീ മൂന്ന് ശാഖകൾ ഉണ്ട്. ഒരു വിമാനം പറക്കണമെങ്കിൽ ഈ മൂന്ന് വിഭാഗങ്ങളുടെയും NOC ആവശ്യമാണ്. അതായത് വിമാനത്തിന്റെ മൂന്ന് വിഭാഗങ്ങളും പ്രവർത്തനക്ഷമം ആണെന്നും അല്ലെങ്കിൽ അവയുടെ റിപ്പയറിംഗ് നടത്തി പ്രവർത്തനക്ഷമതവരുത്തി പറക്കാൻ യോഗ്യമാണെന്ന് സർട്ടിഫൈ ചെയ്യുവാൻ ലൈസൻസുള്ളവർ ആണിവർ. ഇത് മൂന്ന് വർഷത്തെ കോഴ്സ് ആണ്.

എഞ്ചിനീയറിംഗ് എന്ന് പറയുന്നത് 4 വർഷത്തെ യൂണിവേഴ്സിറ്റി, All India Council of Technical Education (AICTE) എന്നിവയുടെ അംഗീകാരത്തോടെ നടത്തുന്ന ഡിഗ്രി കോഴ്സാണിത്. ഇതിന്റെ തന്നെ ഡിപ്ലോമയും ഐ.റ്റി.ഐ. കോഴ്സുകളും ലഭ്യമാണ്. പോളിടെക്, BSc Degree എന്നിവ കഴിഞ്ഞവർക്ക് Lateral Entry വഴി രണ്ടാംവർഷത്തേക്ക് നേരിട്ട് എൻജിനീയറിംഗിന് ചേരാവുന്നതാണ്.

## Aeronautical Engineering

വിമാനത്തിന്റെ രൂപകൽപ്പനയും, യന്ത്രങ്ങളുടെ നിർമ്മാണവും, പ്രവർത്തന രീതികളും പഠിക്കുന്ന എഞ്ചിനീയറിംഗ് ശാഖയാണ് ഇത്. കൂടാതെ പ്രൊപ്പൽഷൻ, കൺട്രോൾ സിസ്റ്റം, എയ്റോ ഡൈനാമിക്, തുടങ്ങിയവയെക്കുറിച്ചുള്ള വിശദമായ പഠനം ഇതിൽ ഉൾപ്പെടുന്നു. ഫിസിക്സിന്റെയും കണക്കിന്റെയും പ്രയോഗം ഏറ്റവും കൂടുതൽ ഉള്ള ഒരു കോഴ്സ് ആണിത്. കൂടിയ മാർക്കുള്ളവർക്ക് ഈ കോഴ്സ് തിരഞ്ഞെടുക്കാവുന്നതാണ്. വിമാന ഉൽപാദന കമ്പനികളിലും, വിദേശത്തും നല്ല ജോലി സാദ്ധ്യത കാണുന്നു.

## Automobile Engineering

വാഹനങ്ങളുടെ എഞ്ചിന്റെ രൂപകൽപ്പനയും, ഉൽപാദനവും, പ്രവർത്തന രീതികളും പഠിക്കുന്ന ശാഖയാണിത്. താൽപര്യം ഉള്ളവർക്ക് റിസർച്ച് നടത്തി, പുതിയ എഞ്ചിൻ മോഡലുകൾ സൃഷ്ടിപരമായി ലോകത്തിന് സമ്മാനിക്കാവുന്നതാണ്. നല്ല വികസന സാധ്യതയുള്ള ഒരു മേഖലയാണിത്.

## Aerospace Engineering

എയർക്രാഫ്റ്റ് മേഖല താഴെപ്പറയുംവിധമാണ് നിലവിൽ ഉള്ളത്.

**Light Aircraft:** പത്തുപേരിൽ കുറഞ്ഞ സഞ്ചാരികൾക്ക്മാത്രം ഉപയോഗിക്കാവുന്ന തരത്തിലുള്ളവയാണിത്.

**Medium Aifcraft:** ഈ വിഭാഗത്തിൽ വരുന്ന വിമാനങ്ങൾ 50 ൽ താഴെ സഞ്ചാരികളെ ഉൾകൊള്ളാൻ പര്യാപ്തമാണ്. ഉദാഹരണം ഹെലികോപ്റ്റർ വിഭാഗം.

**Heavy Aircraft:** അമ്പതോ അതിൽ കൂടുതൽ ആളുകൾക്കോ സൗകര്യപ്രദമായി സഞ്ചരിക്കാൻ ശേഷിയുള്ള വിഭാഗം ആണിവ. മുകളിൽ പറഞ്ഞ മൂന്ന് വിഭാഗത്തിൽപെടുന്ന വിമാനങ്ങളും വായു മണ്ഡലത്തിനുള്ളിൽ മാത്രമാണ് സഞ്ചരിക്കുന്നത്. എന്നാൽ വായു മണ്ഡലത്തിനു മുകളിലേക്ക് പറക്കുന്ന ലോഞ്ച് വെഹിക്കിൾസ്, റോക്കറ്റ്സ്, മറ്റ് പേടകങ്ങൾ എന്നിവ Aerospace വിഭാഗത്തിൽ വരുന്നു. ഇവയുടെ നിർമ്മാണം, പ്രവർത്തന രീതി, രൂപകൽപ്പന എന്നിവ പഠിപ്പിക്കുന്ന ശാഖയാണിത്. സമർത്ഥരായ വിദ്യാർത്ഥികൾക്ക് റിസേർച്ച് സൗകര്യം ലഭ്യമാണ്.

## Bio-Infirmatics Engineering

ഇത് ഒരു ഇന്റർ ഡിസിപ്ലിനറി പഠനശാഖയാണ്. മോളിക്യൂളർ ബയോളജിയിൽ കമ്പ്യൂട്ടർ, വിവരസാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി ഗവേഷണങ്ങൾക്ക് കൃത്യത വരുത്തുന്ന പഠനശാഖയാണ്. റിസർച്ച് ചെയ്യാൻ താൽപര്യമുള്ളവർക്ക് യോജിച്ച കോഴ്സാണിത്.

## Bio-Medical Engineering

വൈദ്യശാസ്ത്ര മേഖലയിൽ ആവശ്യമുള്ള യന്ത്രങ്ങളുടെയും, ഉപകരണങ്ങളുടെയും, രൂപകൽപനയും, പ്രവർത്തന രീതിയും പഠിക്കുന്ന ശാഖയാണിത്. ഇലക്ട്രോണിക്സിന്റെയും, മറ്റ് എഞ്ചിനിയറിംഗ് ശാഖകളുടെയും നേട്ടങ്ങൾ വൈദ്യശാസ്ത്ര മേഖലയ്ക്ക് ഉപകാരപ്രദമാക്കുന്നതിൽ നാം ഇന്ന് വളരെയധികം പുരോഗമിച്ചിരിക്കുന്നു. വൈദ്യശാസ്ത്ര മേഖലയിൽ ഉള്ള എല്ലാ മെഷിനറികളുടെയും സേവനം നാം ഒന്ന് ആലോചിച്ചു നോക്കുക.

## B.Tech Bio Technology

ബയോളജിക്കൽ സിസ്റ്റത്തിലും, ലിവിംഗ് ഓർഗാനിസത്തിലും സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ പുതിയ ഉൽപ്പന്നമോ, ഉൽപ്പ

ന്നത്തിലുള്ള മാറ്റങ്ങൾക്കോ ഉപകരിക്കുന്ന പഠനശാഖയാണിത്. കൃഷി യിലും, വ്യവസായത്തിലും, ചികിത്സാ രംഗത്തും വളരെ വലിയനേട്ടങ്ങ ൾ കൊയ്ത പഠന മേഖലയാണിത്.

## Bio-Chemical Engineering

ജീവശാസ്ത്രവും കെമിസ്ട്രിയും കോർത്തിണക്കി വൃക്ഷങ്ങളു ടെയും ചെടികളുടെയും വളർച്ചയ്ക്ക് ഉള്ള വളങ്ങളും, ചികിത്സയ്ക്കു ള്ള കീടനാശിനികളും, അവയുടെ നിർമ്മാണ പ്രവർത്തന രീതികളും പഠിക്കുന്ന ശാഖയാണിത്. ഇതും ഒരു റിസർച്ച് അനുകൂല മേഖലയാണ്.

## Chemical Engineering

വിവിധ രാസവസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഉല്പന്ന ങ്ങളുടെ നിർമ്മാണവും, ഫാക്ടറികളുടെ രൂപകൽപ്പനയും, പ്രവർത്തന രീതികളും പഠിക്കുന്ന ശാഖയാണിത്. ഉദാഹരണം: ആസിഡുകൾ, പെ യിന്റുകൾ, സോപ്പുകൾ, ഡൈകൾ, പ്ലാസ്റ്റിക്, വളങ്ങൾ, സിന്തറ്റിക് റബ്ബർ മുതലായവ.

## Petroleum Engineering

പ്രകൃതിവാതകങ്ങൾ, ക്രൂഡ്ഓയിൽ എന്നിവയുടെ ഉറവിടം ക ണ്ടെത്തി കുറഞ്ഞ ചെലവിൽ എങ്ങനെ ഇവ കുഴിച്ചെടുക്കാം എന്നും ശേ ഷം ഇവ വിവിധ പെട്രോളിയം ഉൽപ്പന്നങ്ങളായും, ബൈ ഉൽപ്പന്നങ്ങളാ യും സംഭരിക്കാനും, വിപണനത്തിനും, വിതരണത്തിനും, ലാഭകരമാം വിധം എങ്ങനെ സാധ്യമാക്കാം എന്നുള്ള പഠനവും, ഗവേഷണം നട ത്തുന്ന ശാഖയാണിത്.

## Food Technology / Food Processing

ഭക്ഷണപാനീയങ്ങൾ കേടുകൂടാതെ പാകപ്പെടുത്തി ദീർഘകാല ത്തേക്ക് ഉപയോഗിക്കുംവിധം സൂക്ഷിക്കാൻ പഠിക്കുന്ന ശാസ്ത്ര ശാഖ യാണ് ഫുഡ് ടെക്നോളജി. ഏറ്റവും കൂടുതൽ പഴങ്ങൾ ഉൽപ്പാദിപ്പി ക്കുന്ന രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. എന്നാൽ ഉൽപ്പാദനത്തിന്റെ 15% മാത്രമാണ് പ്രോസസ് ചെയ്ത് ഉപയോഗിക്കുന്നത്. വികസിത രാജ്യമായ അമേരിക്കയിൽ ഏതാണ്ട് ഉൽപ്പാദനത്തിന്റെ 80 ശതമാനവും പ്രോസസ് ചെയ്താണ് ഉപയോഗിക്കുന്നത്. ഒരു വികസിത രാജ്യമായി പരിണമി ക്കുന്ന ഇന്ത്യയിൽ ഈ മേഖലയിൽ ഉയർന്ന ശമ്പളവും ധാരാളം ജോലി സാധ്യതകളും ഉണ്ടാകുമെന്നതിൽ തർക്കമില്ല.

## ഫുഡ് ടെക്നോളജിൽ താഴെ പറയുന്ന വിശേഷ ശാഖകൾ ലഭ്യമാണ്.

1. ഡയറി, 2. ഷുഗർ, 3. ആൽക്കഹോൾ, 4. ബേക്കറി ആൻഡ് കൺഫെക്ഷനറി, 5 ഓയിൽ ആൻഡ് സീഡ്, 6. ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്, 7. മീറ്റ് ആൻഡ് ഫിഷ്, 8. ധാന്യങ്ങൾ.ഗവൺമെന്റ് തലങ്ങളിൽ ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയിലും ബിവറേജസ് കോർപ്പറേഷനുകളിലും ഫുഡ് ഇൻസ്പെക്ടർ, ജൂണിയർ എക്സിക്യൂട്ടീവ് എന്നീ നിലകളിലും ഹോട്ടലുകൾ, സോഫ്റ്റ് ഡ്രിങ്ക്സ് ഫാക്ടറികൾ, ഹോസ്പിറ്റലുകൾ, റൈസ് മില്ലുകൾ, പാക്കിംഗ് ഇൻഡസ്ട്രീസ്, ഫുഡ് ഇൻഡസ്ട്രീസ്, ക്വാളിറ്റി കൺട്രോൾ എന്നീ മേഖലകളിൽ നല്ല ശമ്പളത്തോടുകൂടി ജോലി സാധ്യത കൂടുതലുണ്ട്.

ബി.ടെക് ഫുഡ് ടെക്നോളജി കഴിഞ്ഞാൽ രണ്ടുവർഷത്തെ എം.ടെക് പി.ജി.തലത്തിലും ശേഷം ഇതിന്റെ പിഎച്ച്ഡിയും ഉപരിപഠനത്തിനു ലഭ്യമാണ്. സീറ്റുകൾ പരിമിതമായതുകൊണ്ട് അഡ്വാൻസ് ബുക്കിംഗ് അനിവാര്യമാണ്.

### B-Tech Fire & Safety

ആകാരഭംഗിയുള്ള വീടുകളും അംബരചുംബികളായ ബഹുനില കെട്ടിടങ്ങളും സംസ്കാരത്തിന്റെ അളവുകോലായി പണ്ടുകാലം മുതൽക്കേ അംഗീകരിച്ചുവരുന്നതാണ്. ഈ നേട്ടങ്ങൾ സിവിൽ എൻജിനീയറിംഗിലൂടെയും ആർക്കിടെക്ച്ചർ എൻജിനീയറിംഗിലൂടെ ആണ് കൈവരിച്ചിട്ടുള്ളത്. തീപിടിത്തത്തിൽനിന്നും ഇവയെ സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. ശാസ്ത്രീയമായി തീപിടിത്തത്തിൽനിന്നും ബഹുനില കെട്ടിടങ്ങളും സ്വത്തുക്കളും എങ്ങനെ സംരക്ഷിക്കാം എന്ന പഠനരീതിയാണ് ഈ എൻജിനീയറിംഗ് ശാഖയിലൂടെ നാം പഠിക്കുന്നത്. ഡിപ്ലോമ ഫയർ ആൻഡ് സേഫ്റ്റിക്ക് അനേകം കോളജുകളുണ്ടെങ്കിലും ബി.ടെക് ഫയർ ആൻഡ് സേഫ്റ്റിക്ക് നാമമാത്രമായ കോളജുകൾ മാത്രമേ ഉള്ളൂ. നല്ല ജോലിസാധ്യതയും ശമ്പളവുമുള്ള ഈ കോഴ്സിനു സീറ്റ് ബുക്കിംഗ് അനിവാര്യമാണ്.

### B-Tech Textile

ഈ ലോകത്തിലുള്ള എല്ലാവരേയും ഉടുത്തൊരുക്കേണ്ടതിന് ആവശ്യമായ വസ്ത്രങ്ങൾ ശാസ്ത്രീയമായി എങ്ങനെ ഉൽപ്പാദിപ്പിക്കാം എന്നു പഠിപ്പിക്കുന്ന ശാസ്ത്രശാഖയാണ് ടെക്സ്റ്റയിൽ എൻജിനീയറിംഗ്. അനന്തമായ സാധ്യതകളാണ് ഈ മേഖലയിലുള്ളത്. വിവിധ തരം

നൂലുകളും നൂലുൽപ്പന്നങ്ങളും ആകർഷകമായ രീതിയിൽ വസ്ത്രങ്ങളാക്കി മാർക്കറ്റ് ചെയ്യുന്ന രീതിയാണ് ഈ ശാഖയിൽ പഠിക്കുന്നത്. ഗവൺമെന്റ് തലങ്ങളിൽ ഖാദി ബോർഡ്, റിസേർച്ച് സെന്ററുകൾ, എന്നിവിടങ്ങളിലും കോട്ടൺ ഇൻഡസ്ട്രീസ്, സിൽക്ക് ഇൻഡസ്ട്രീസ്, പോളിമർ ഇൻഡസ്ട്രീസ്, തുണിമില്ലുകൾ എന്നീ മേഖലകളിൽ ആയിരക്കണക്കിനു തൊഴിൽ സാധ്യതകളാണുള്ളത്. അഡ്മിഷനുവേണ്ട കൗൺസലിംഗിനു ഓഫീസുമായി ബന്ധപ്പെടുക.

## Marine Engineering

കപ്പലുകൾക്ക് വേണ്ട ഓക്സിലറി ഉപകരണങ്ങളുടെയും, പ്രോപ്പല്ലിംഗ് യന്ത്രങ്ങളുടെയും പ്ലാനിംഗ് & ഡിസൈനിംഗ്, പ്രവർത്തന രീതി എന്നിവയെക്കുറിച്ചുള്ള പഠനം ആണ് വിവക്ഷിക്കുന്നത്. മാത്രമല്ല മറ്റെല്ലാ അക്വാറ്റിക് യന്ത്രങ്ങളുടെയും, പ്രൊപ്പൽഷൻ സിസ്റ്റത്തെക്കുറിച്ചും ഈ ശാഖയിൽ പഠിക്കുന്നു. കോഴ്സിന് സ്റ്റേറ്റ് ഗവൺമെന്റ്, യൂണിവേഴ്സിറ്റികൾക്ക് പുറമെ 'ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിങ്ങ് കോർപ്പറേഷൻ ഗവൺമെന്റ് ഓഫ് ഇന്ത്യ'യുടെ അംഗീകാരം പരമപ്രധാനമാണ്.

## Mechanical Engineering

കോർഎഞ്ചിനീയറിംഗ് ശാഖയിൽ വരുന്ന ഒരു സുപ്രധാന കോഴ്സാണിത്. വ്യവസായ ശാലകൾക്ക് വേണ്ട യന്ത്രങ്ങളും മെഷീനുകളും ഡിസൈൻ ചെയ്ത് നിർമ്മിക്കാൻ പഠിക്കുന്ന കോഴ്സാണിത്. തെർമ്മൽ പവ്വർ, ആവി, ഗ്യാസ് മുതലായവകൊണ്ട് പ്രവർത്തിക്കുന്ന ടർബൈനുകളിലും, കമ്പ്യൂഷൻ എഞ്ചിനുകളിലും ജോലി സാധ്യത കൂടുതൽ കാണുന്നു.

## Mechatronics

കൃത്യതയിലും, വിശ്വസ്തതയിലും, ലളിതവും എന്നാൽ ചെലവ് കുറഞ്ഞ രീതിയിലും, ഫിസിക്സിന്റെയും, ഇലക്ട്രോണിക്സിന്റെയും, കമ്പ്യൂട്ടർ കൺട്രോൾ എഞ്ചിനിയറിംഗ് എന്നിവയുടെയും യോജിച്ചുള്ള പ്രവർത്തനം വഴി ഇൻഡസ്ട്രിയൽ റോബോട്ടുകൾ പോലുള്ള ഇലക്ട്രോണിക് സിസ്റ്റങ്ങളുടെ നിർമ്മാണവും, പ്രവർത്തന രീതികളും പഠിക്കുന്ന ശാഖയാണിത്. നല്ല കഴിവുള്ളവർക്ക് ശോഭിക്കാവുന്ന രംഗമാണിത്.

## Metallurgical Engineering

ലോഹങ്ങളുടെയും ലോഹകൂട്ടുകളുടെയും ഉപയോഗവും,

സംയോജനവും സംബന്ധിച്ച പഠനശാഖയാണിത്. R & D ലാബുകളിലും, മെറ്റലർജിക്കൽ വ്യവസായ ശാലകളിലും ധാരാളം ജോലിസാധ്യതയുണ്ട്.

## Mining Engineering

നിർമ്മാണ ശാലകൾക്കുവേണ്ട ലോഹങ്ങളുടെ ഖനനവും, ഖനനത്തിനുവേണ്ട പ്രാഥമിക പ്രവർത്തനങ്ങളും പഠിക്കുന്ന എഞ്ചിനിയറിംഗ് ശാഖയാണിത്.

## Industrial Engineering

വ്യവസായങ്ങൾക്ക് വേണ്ട ഉൽപാദന സാമഗ്രികളെ കുറിച്ചുള്ള പഠനശാഖയാണിത്. ഉദാ: ഊർജം, ഫ്യൂവൽ, സങ്കേതിക പരിജ്ഞാനം, മനുഷ്യവിഭവം, വ്യവസായ ഉല്പന്നം എന്നിവ.

## Sound Engineering

ശബ്ദത്തിന്റെ ഡിസൈനിംഗ്, റിക്കോർഡിംഗ്, മിക്സിംഗ് & എഡിറ്റിംഗ് മുതലായവയെക്കുറിച്ചുള്ള ശാസ്ത്രീയമായ പഠനം ആണ് ഈ ശാഖയിൽ നിന്നും മനസ്സിലാക്കുന്നത്. ടെലിവിഷൻ, സിനിമാ രംഗങ്ങളിൽ നല്ല തൊഴിൽ സാധ്യത കാണുന്നു.

## Polymer Engineering

ആധുനിക മനുഷ്യ ജീവിതത്തിന് ഒഴിച്ച് കൂടാൻ പറ്റാത്ത ഒന്നാണ് പോളിമറുകൾ. ഇവയുടെ നിർമ്മാണവും, ഉപയോഗവും വ്യവസായ മേഖലയിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നീ കാര്യങ്ങൾ പഠിക്കുന്ന രീതിയാണിത്.

## Ceramic Engineering

സെറാമിക് ഉൽപ്പന്നങ്ങൾ ആയ ഗ്ലാസ്, സെമി കണ്ടക്ടറുകൾ, എഞ്ചിനുകളുടെ ഭാഗങ്ങൾ, ഫോണിന്റെ കേബിളുകൾ, വൈദ്യുത കമ്പികളുടെ കവറുകൾ, ടൈലുകൾ എന്നിവയുടെ ഉൽപാദനവും മറ്റും പഠിക്കുന്ന ശാഖയാണിത്.

## Nano-Tech

'നാനോ' എന്ന വാക്കിന്റെ അർത്ഥം 'ചെറുത്' എന്നാണല്ലോ. ഫിസിക്സ്, കെമിസ്ട്രി, ബയോളജി, എഞ്ചിനിയറിംഗ് എന്നിവയുടെ ഒരു ഇന്റർ ഡിസിപ്ലിനറി ശാഖയാണിത്. അപ്ലൈഡ് സയൻസ് & ടെക്നോള

ജിയിൽ കണികയുടെ നിയന്ത്രണവും, മോളിക്യൂളർ, അറ്റോമിക് തലങ്ങളിൽ ഇവയുടെ യൂണീഫൈയിംഗ് തീമിനെക്കുറിച്ചുള്ള പഠനവും ആണ് പ്രതിപാദ്യവിഷയം വസ്തുക്കളുടെ പ്രോപ്പർട്ടീസിൽ വ്യത്യാസം വരുത്തി കമ്പ്യൂട്ടറുകളിലും, വാർത്താ വിനിമയരംഗത്തും, മെഡിക്കൽ ഉപകരണങ്ങളിലും, ഇതിന്റെ പ്രയോഗം എങ്ങനെ സാധ്യമാക്കാം എന്ന പഠനമാണ് ഈ ശാഖയിൽ നാം മനസ്സിലാക്കുന്നത്.

## B.Architect

കലയും ശാസ്ത്രവും കൂടികലർന്ന ക്രിയാത്മകമായ ഭാവനാ ശൈലിയുടെ ഒരു കേളീരംഗമാണ് ശില്പകലാ ശാസ്ത്രം. കെട്ടിടങ്ങളുടെയും മറ്റ് ശില്പങ്ങളുടെയും, ദൃഢതയും, ആകാര ഭംഗിയും, ഉപയോഗ സൗകര്യവും, ഭംഗിയായി രൂപകൽപ്പന ചെയ്ത് നിരീക്ഷിക്കുന്ന പഠന ശാഖയാണിത്. 50% മാർക്കോടെ പ്ലസ്ടു (PCM) പാസ്സായി NATA ടെസ്റ്റ് വിജയിച്ചവർക്ക് അഡ്മിഷൻ നേടാം.

## Civil Engineering

കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, ഡാമുകൾ, ടണലുകൾ, റെയിൽവേ, വാട്ടർസപ്ലൈ മുതലായവ പ്ലാൻ ചെയ്യുകയും, ഡിസൈൻ ചെയ്ത് ഇവയുടെ നിർമ്മാണവും, പരിചരണവും, എങ്ങനെ സാധ്യമാക്കാം എന്ന പഠനശാഖയാണിത്. ഒരു രാജ്യത്തിന്റെ അടിസ്ഥാന വികസനത്തിന് ഇക്കൂട്ടരുടെ സംഭാവന പ്രശംസനീയമാണ്. ഇത് ഒരു കോർ എഞ്ചിനീയറിംഗ് ശാഖയാണ്.

കൂടാതെ computer Engineering, Electrical & Electronics, Electronics & instrumentation, Electronics & Communication, Information Tech, Agriculture Engineering, Naval Architecture, Construction Engineering മുതലായ കോഴ്സുകളും ഇവയുടെ എല്ലാം പി.ജി. കോഴ്സുകളും പി.എച്ച്.ഡി. കോഴ്സുകളും ലഭ്യമാണ്. അഡ്മിഷൻ സംബന്ധമായി നേരിൽ ബന്ധപ്പെടുക.

## Poly-Tech

വിവിധതരം ഡിപ്ലോമ എൻജിനീയറിംഗ് കോഴ്സുകൾ ലഭ്യമാണ്. എസ്.എസ്.എൽ.സി.ക്ക് കണക്കിനും സയൻസിനും 45 ശതമാനം മാർക്കുള്ളവർക്ക് അഡ്മിഷനു യോഗ്യതയുണ്ട്. നിലവിൽ ധാരാളം കുട്ടികൾ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കംപ്യൂട്ടർ മുതലായ ബ്രാഞ്ചുകൾ പഠിച്ച് ജോലിയില്ലാതെ സമൂഹത്തിലുണ്ട്. പക്ഷേ, പോളിടെക്നിക്ക് കോഴ്സുകളായ പെട്രോളിയം, കെമിക്കൽ,

മറൈൻ, ഫുഡ് ടെക്നോളജി, ബയോ കെമിക്കൽ, പെട്രോ കെമിക്കൽ, ടൂൾ ആൻഡ് ഡൈ മേക്കിംഗ്, അഗ്രികൾച്ചർ, പ്ലാസ്റ്റിക്, ടെക്സ്റ്റയിൽ, ഷുഗർ ടെക് മുതലായ കോഴ്സുകൾക്ക് ധാരാളം തൊഴിൽ അവസര ങ്ങളുണ്ട്. പ്ലസ് ടു സയൻസ് ഗ്രൂപ്പ് പാസായവർക്ക് രണ്ടാം വർഷത്തി ലേക്ക് നേരിട്ട് പോളിടെക്നിക്ക് അഡ്മിഷൻ തമിഴ്നാട്ടിൽ ലഭിക്കുന്നതാ ണ്. പോളിടെക്നിക്ക് പാസ്സായ കുട്ടികൾക്ക് ലാറ്ററൽ എൻട്രി വഴി ബി. ടെക് എൻജിനീയറിംഗിനു രണ്ടാം വർഷത്തിലേക്ക് നേരിട്ടു അഡ്മിഷൻ ലഭിക്കും.

# CA (Chartered Accountancy)
# CS (Company Secretaryship)
# CMA (Cost & Management Accountancy)

## സമൂഹത്തിന്റെ ഉന്നതതലങ്ങളിലേയ്ക്കുള്ള താക്കോൽ

സമൂഹത്തിൽ ഉന്നത പദവി, അംഗീകാരം ഉയർന്ന വരുമാനം എന്നിവ ഉറപ്പ് നൽകുന്ന കോഴ്സുകളാണിവ. പാർലമെന്റിന്റെ നിയമ നിർമ്മാണത്തിലൂടെ സൃഷ്ടിക്കപ്പെട്ട സ്വയംഭരണ അധികാരമുള്ള ഇത്തരം സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് വളരെ പണചെല വോ, കഠിനമായ പ്രവേശന പരീക്ഷകളോ അഭിമുഖീകരിക്കേണ്ടതില്ല. പത്താം ക്ലാസ്സിനുശേഷം ഈ കോഴ്സിന് രജിസ്റ്റർ ചെയ്യാം. പ്ലസ്ടു പാസായി കഴിയുമ്പോൾ ഈ കോഴ്സുകളുടെ ആദ്യഘട്ടമായ (CPT, CS, CMA Foundation) ഫൗണ്ടേഷൻ പരീക്ഷ എഴുതുകയും അത് പാസായതി നുശേഷം രണ്ടാംഘട്ടമായ ഇന്റർമീഡിയറ്റ്, തുടർന്ന് ഫൈനൽ എന്നിവ പൂർത്തിയാക്കുകയും ചെയ്യാവുന്നതാണ്. ഈ മൂന്ന് ഘട്ടങ്ങളും പൂർത്തി യാക്കാൻ ഏകദേശം നാലുവർഷം മതിയാവുന്നതാണ്. ഈ കാലയള വിൽ തന്നെ പ്രായോഗിക പരിശീലനവും (ആർട്ടിക്കിൾഷിപ്പ്) നടത്തേ ണ്ടതാണ്. പ്ലസ്ടു കഴിഞ്ഞവർക്ക് CS, CMA യും മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കാം അതോടൊപ്പം തന്നെ ഡിഗ്രികോഴ്സുകൾക്കും ചേരാ വുന്നതാണ്.

### Pilot Training

'Director General of Civil Aviation Govt. of India' യുടെ അംഗീ കാരത്തോട്കൂടി SPL, (Student Pilot Licence) P.P.L., (Private Pilot Licence) എന്നിവ ഉൾപ്പെടെ മൊത്തം 250 മണിക്കൂർ ഫ്ളൈയിംഗ് പരിശീല

നവും, നാല് തിയറി പേപ്പറുകളും, സോളോഫ്ളൈയിംഗിലും ക്രോസ് കൺട്രിഫ്ളൈയിംഗിലും പരിശീലനം നേടി, ഡി.ജി.സി.എ. യുടെ പരീക്ഷയും പാസ്സാകുന്നവർക്കാണ് സി.പി.എൽ. അഥവാ Commercial Pilot എന്ന ലൈസൻസ് കിട്ടുന്നത്. എൻട്രൻസ് വഴി മികവുറ്റ വിദ്യാർത്ഥികൾക്ക് കുറഞ്ഞഫീസിൽ പഠിക്കാൻ അവസരം ഉണ്ട്.

## എയർലൈൻ സംബന്ധമായ മറ്റ് കോഴ്സുകൾ പരിചയപ്പെടാം

BSc in Airline, Diploma Airline, P.G. Diploma in Airline എന്നീ കോഴ്സുകളും, MBA in Airline & Airport Management, Diploma in Airman, Air Hostes, Air -Fares &Ticketing, IATA/UFTAA/ മാർക്കറ്റിങ്ങിലും IATA/FIATA കാർഗോ റേറ്റിംഗിലും ലഭ്യമാണ്.

## മാരിടൈം കോഴ്സുകൾ

B-Tech Marine Engineering കഴിഞ്ഞവർക്ക് കപ്പലിൽ Chief Engineer ആയി ജോലിനേടാം. ഇത് എങ്ങനെ സാധ്യമാകും എന്ന് പരിശോധിക്കാം. B-Tech Marine Engineering Course പാസ്സായാൽ ഉടൻ Senior Engineer (V<sup>th</sup> Engineer) ആയി Join ചെയ്ത് ആറ്മാസത്തെ Sea service കഴിഞ്ഞ് മൂന്നു മാസത്തെ MEO കോഴ്സ് പാസ്സായതിനുശേഷം ക്ലാസ്സ് IV പാർട്ട് ബി പരീക്ഷ പാസ്സായി ക്ലാസ്സ് IV എഞ്ചിനീയർ ആകാം. അതിനുശേഷം 12 മാസത്തെ സി എക്സ്പീരിയൻസ് കഴിഞ്ഞ ക്ലാസ്സ് IV എഞ്ചിനീയർ നാല്മാസത്തെ MEO കോഴ്സ് കഴിഞ്ഞ്, ക്ലാസ്സ് II<sup>nd</sup> എക്സാം പാസ്സായി സെക്കന്റ് എഞ്ചിനീയറാകുന്നു. 18 മാസത്തെ സി സർവ്വീസിനു ശേഷം സെക്കന്റ് എഞ്ചിനീയർ രണ്ട് മാസത്തെ MEO ക്ലാസ്സ് I എക്സാം പാസ്സായി ചീഫ് എഞ്ചിനീയർ ആകുന്നു. ചീഫ് എഞ്ചിനീയർക്ക് 5 ലക്ഷം രൂപവരെ മാസശമ്പളം ലഭിക്കും.

ഇനി ക്യാപ്റ്റൻ ആകാൻവേണ്ട കരിയർപാത്ത് മനസ്സിലാക്കാം. മൂന്ന് വർഷത്തെ BSc Nautical Science കോഴ്സ് പാസ്സായി ഡിഗ്രിനേടി 12 മാസത്തെ സി എക്സിപീരിയൻസ് കഴിഞ്ഞ് ഓറൽ എക്സാം പാസ്സായതിനുശേഷം സെക്കന്റ് ഓഫീസർ ആയി ജോലിയിൽ തുടർന്ന് കൊണ്ട് സി സർവ്വീസ് ചെയ്യാം. അതിനുശേഷം ചീഫ് മേറ്റ് എക്സാം പാസ്സായി ചീഫ് ഓഫീസ്സറായി പ്രമോട്ട് ചെയ്യുന്നു. തുടർന്നുള്ള സി സർവ്വീസും എക്സാമും പാസ്സായി ക്യാപ്റ്റൻ പദവിയിൽ പ്രവേശിക്കാം. പ്രതിമാസം ആറ് ലക്ഷം വരെ ശമ്പളം ഉണ്ട്.

## Diploma Nautical Science കഴിഞ്ഞ് എങ്ങനെ ക്യാപ്റ്റൻ പദവിയിൽ എത്താം

ഡി എൻ എസ് ടെസ്റ്റ് കഴിഞ്ഞ് ട്രെയിനി കഡെറ്റ് ആയി കപ്പലിൽ ജോലിനേടാം. 18 മാസത്തെ സി സർവ്വീസും IGNOU യുടെ DLP ടെസ്റ്റ് ഉം സെക്കന്റ് മേറ്റ് എക്സാമും പാസ്സായി സെക്കന്റ് ഓഫീസ്സർ ആകുന്നു. ശേഷമുള്ള സി സർവ്വീസ് കഴിഞ്ഞ് ചീഫ് മേറ്റ് എക്സാം പാസ്സായി ചീഫ് ഓഫീസ്സർ ആയി പ്രമോട്ട് ചെയ്യുന്നു. തുടർന്നുള്ള സി സർവ്വീസു കഴിഞ്ഞ് ക്യാപ്റ്റൻ പദവിയിൽ എത്താം.

G.P Rating കോഴ്സ് പാസ്സായി Deck Cadet അല്ലെങ്കിൽ എഞ്ചിൻ ക്രൂ ആയി ജോലിനേടാം. AB സിമാൻ അല്ലെങ്കിൽ Bosun Deck side ആയും ശേഷം എൻഞ്ചിൻ സൈഡിലേക്കും പ്രമോട്ട് ചെയ്യുന്നു. ഇനി 36 മാസത്തെ സി സർവ്വീസ് കഴിഞ്ഞ് സെക്കന്റ് മെയ്റ്റ് എക്സാം പാസ്സായി സെക്കന്റ് ഓഫീസർ ആയി പ്രമോഷൻ നേടുന്നു. ശേഷം ഉള്ള സി സർവ്വീസ് കഴിഞ്ഞ് ചീഫ് മേറ്റ് എക്സാം പാസ്സായി ചീഫ് ഓഫീസ്സറായി പ്രമോഷൻ നേടി ക്യാപ്റ്റൻ പദവിയിൽ പ്രവേശിക്കാം.

## Hotel Management/ Hospitality Science

ഹോട്ടൽ മാനേജ്മെന്റ് എന്ന കോഴ്സ് ഇപ്പോൾ അറിയപ്പെടുന്നത് ഹോസ്പിറ്റാലിറ്റി സയൻസ് എന്ന പേരിലാണ്. ഈ മേഖലയിൽ നിരവധി കോഴ്സുകളുണ്ട്. മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സുകളും ഒരു വർഷത്തെയും രണ്ടുവർഷത്തെയും ഡിപ്ലോമ കോഴ്സുകളും മൂന്നു വർഷം മുതൽ നാലുവർഷം വരെ ദൈർഘ്യമുള്ള ഡിഗ്രി കോഴ്സുകളും ലഭ്യമാണ്. ഹോട്ടൽ മാനേജ്മെന്റിൽ തന്നെ എം.ബി. എയും എം.എച്ച്.എം എന്ന നിലയിൽ പി.ജി. കോഴ്സുകളും നിലവിലുണ്ട്. ഈ കോഴ്സുകൾ കഴിഞ്ഞാൽ വിദേശ തൊഴിൽ സാധ്യത കൂടുതലുണ്ട്. ബി.എച്ച്.എം. അല്ലെങ്കിൽ ബി.എസ്.സി. ഹോട്ടൽ മാനേജ്മെന്റ് കഴിയുന്നവർക്കാണ് വിദേശത്ത് കൂടുതൽ തൊഴിൽ സാധ്യതയുള്ളത്.

പ്ലസ് ടുവിനു 50 ശതമാനത്തിൽ കൂടുതൽ മാർക്കുള്ള കുട്ടികൾ ഡിഗ്രി കോഴ്സുകൾക്ക് പോകുന്നതായിരിക്കും ഉചിതം. ഹോട്ടൽ മാനേജ്മെന്റ് കോഴ്സിനു കോളജ് തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മനസിലാക്കാം. നല്ല നിലവാരവും ടീച്ചിംഗ് സ്റ്റാഫും പ്രാക്ടിക്കൽ സൗകര്യത്തിനായി സ്വന്തം നിലയിൽ ടൂ സ്റ്റാർ പദവിയെങ്കിലും ഉള്ള കോളജുകൾ വേണം തിരഞ്ഞെടുക്കാൻ. യൂണിവഴ്സിറ്റി അംഗീകാരം ഉറപ്പാക്കി മാത്രമേ അഡ്മിഷൻ എടുക്കാവൂ. സ്റ്റാർ പദവിയും

യൂണിവേഴ്സിറ്റിയുടെ അംഗീകാരവും ഉള്ള കോളജുകളിൽ അഡമിഷൻ ലഭിക്കുന്നതിനായി ഞങ്ങളുമായി നേരിൽ ബന്ധപ്പെടുക.

# സിനിമാരംഗം

അഭിനയരംഗത്തും, ടെലിവിഷൻ രംഗത്തും ഉള്ള കോഴ്സുകളെ പരിചയപ്പെടാം.

MA Cinema & Television, sound Engineering, Sound Recording, Animation, തുടങ്ങിയ കോഴ്സുകളും, സംവിധാനം, വീഡിയോ എഡിറ്റിംഗ്, ഫീച്ചർ ഫിലിം, സ്ക്രീൻപ്ലേ, ഛായാഗ്രഹണം, തുടങ്ങി നിരവധി കോഴ്സുകളും ലഭ്യമാണ്. അഡ്മിഷൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾക്ക് സമീപിക്കുക.

# നിയമപഠനം

LLM, LLB എന്നീ പിജി, യുജി കോഴ്സുകൾ നിലവിൽ ഉണ്ട്. +2 കഴിഞ്ഞ് അഞ്ച് വർഷത്തെ എൽഎൽബി ഇന്റർഗ്രേറ്റഡ് ആയും ഡിഗ്രി കഴിഞ്ഞ് മൂന്നുവർഷത്തെ LLB യും, ഇതിന്റെ പിജി കോഴ്സ് ആയ എൽ എൽ എം രണ്ട് വർഷത്തേതും ആകുന്നു. നിയമ ബിരുദ ധാരികൾക്ക് സർക്കാർ സർവ്വീസിലും, ബാങ്കുകളിലും, സെക്രട്ടറിയേറ്റിൽ പബ്ലിക് പ്രോസിക്യൂട്ടർ, ഗവൺമെന്റ് പ്ലീഡർമാർ ആയി ജോലി നേടാൻ അവസരം ഉണ്ട്. കോർപ്പറേറ്റ്, ഇൻഡ്രട്രിയൽ മേഖലകളിൽ മാനേജർ പദവിയിൽ തൊഴിലവസരം ഉണ്ട്. സിവിൽ ലോ, ക്രിമിനൽ ലോ, കോർപ്പറേറ്റ് ലോ, പ്രോപ്പർട്ടി ലോ, ഇൻകംടാക്സ് ലോ, മാരിടൈം ലോ, ഫാമിലി ലോ, ലേബർ ലോ, ട്രെയ്ഡ് മാർക്ക് ലോ, കോൺട്രാക്ട് ലോ, കോപ്പിറൈറ്റ് & പേറ്റന്റ് ലോ എന്നീ ശാഖകൾ കണ്ടുവരുന്നു.

# കമ്പ്യൂട്ടർ കോഴ്സുകൾ

കമ്പ്യൂട്ടർ പരിജ്ഞാനം ഇല്ലാതെ ജീവിക്കാനാവാത്ത അവസ്ഥയാണ് ഇന്നുള്ളത്. കമ്പനികൾക്കും, സ്ഥാപനങ്ങൾക്കും, എന്തിനു പറയുന്നു വീടുകൾക്ക് പോലും പ്രയോജനപ്രദമായ സോഫ്റ്റ്വെയറുകൾ മാർക്കറ്റിൽ ഇടം പിടിച്ച് തുടങ്ങിയിട്ടുണ്ട്. DCA, BCA, MCA, BSc & MSc Computer Sciecne, B.Tech Computer Engineering, MPhil & PhD in Computer എന്നീ കോഴ്സുകളും, നിരവധി സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകളും ഇന്ന് ലഭ്യമാണ്. യൂണിവേഴ്സിറ്റി, AICTE, DDEACC മുതലായവരുടെ

അംഗീകാരങ്ങൾ പരമപ്രധാനമാണ്. ധാരാളം തൊഴിൽ സാധ്യതയുള്ള മേഖലയാണിത്.

# ACTURIAL SCIENCE

ഭാവിയിൽ സംഭവിക്കാവുന്ന കാര്യങ്ങൾ വസ്തു നിഷ്ഠമായും ചിട്ടയായും പ്രവചിക്കുന്ന പഠന രീതിയാണ്. ഉദാഹരണം Banking, LIC, Healthcare, Planning, Pension Schemes, Insurance മുതലായ മേഖലകളിൽ സംഭവിക്കാൻ പോകുന്ന മാറ്റങ്ങളും, അപകടങ്ങളും മുൻകൂട്ടി പ്രവചിക്കുന്ന ജോലിയാണ് അക്ചുറിയൻസ് ചെയ്യുന്നത്.

# അദ്ധ്യാപന മേഖല

ഈ മേഖലയിൽ NTTC, TTC, B.Ed, M.Ed, DP.Ed, BP.Ed, MP.Ed, MPhil, PhD തുടങ്ങിയവയും, K-TET, TET, SET, NET എന്നീ യോഗ്യതയുള്ളവർക്കും LP, UP, HS, HSS, College എന്നീ തലങ്ങളിൽ അദ്ധ്യാപകരാകാം. 10 മുതൽ +2, ഡിഗ്രി, പിജി. എന്നീ കോഴ്സുകൾ കഴിഞ്ഞ് യോഗ്യതയനുസരിച്ച് മേൽപ്പറഞ്ഞ കോഴ്സുകൾക്ക് ചേരാവുന്നതാണ്. പുതുതലമുറയ്ക്ക് അക്ഷരദീപം തെളിച്ച് അറിവിന്റെ അകക്കാമ്പുകൾ പുറംലോകത്തിന് നൽകുവാൻ പര്യാപ്തമാക്കുന്ന കോഴ്സുകളാണിത്. അദ്ധ്യാപകർ പുസ്തകം പഠിപ്പിക്കുന്നതിൽമാത്രം ഒതുങ്ങാതെ കുട്ടികളുടെ സ്വഭാവരൂപീകരണത്തിന്റെ കേന്ദ്രബിന്ദു കുടിയാകുമ്പോൾ മാത്രമാണ് അവർ യഥാർത്ഥ അദ്ധ്യാപകർ ആകുന്നത്.

# ഫാഷൻ ഡിസൈനിംഗ്

വിവിധയിനം ഡിപ്ലോമ കോഴ്സുകൾക്ക് പുറമെ BSc ഫാഷൻ ഡിസൈനിംഗ്, മാസ്റ്റർ ഓഫ് ഫാഷൻ മാനേജ്മെന്റ് (MFM), Master of Fashion Technology എന്നിങ്ങനെ നിരവധി കോഴ്സുകൾ ഉണ്ട്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ മനംകവരും വിധം കാര്യങ്ങൾ ഭാവാത്മകമായും കലാപരമായും, ആകർഷകമാകുംവിധം അവതരിപ്പിക്കുന്ന കലയാണിത്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഫാഷൻ, മത്സരബുദ്ധിയോടെ ഉള്ള ചടുലതയിൽ, പിടിച്ച് നിൽക്കാൻ തക്കവണ്ണം മാറിമാറി അവതരിപ്പിക്കുന്ന ശിൽപികൾ ആണിവർ. സിനിമാരംഗത്തും, വസ്ത്രനിർമ്മാണരംഗത്തും, ഫാഷൻ രംഗത്തും നല്ല ജോലി സാധ്യത കാണുന്നു.

# ഇന്റീരിയർ ഡിസൈനിംഗ്

ഡിപ്ലോമ, ഡിഗ്രി, പിജി തലങ്ങളിൽ ഈ കോഴ്സ് ലഭ്യമാണ്. നൈപുണ്യം, ഭാവാത്മക സിദ്ധി, ക്രിയാത്മകത, പരിസരബോധം, നിരീക്ഷണപാടവം, എന്നീ കാര്യങ്ങളിൽ മികവുള്ളവർക്ക് പറ്റിയ കോഴ്സ് ആണിത്. ആലംകാരികമായി മുറികളും, വീടുകളും, കടകളും, സ്ഥാപനങ്ങളും അവയുടെ ഉപകരണങ്ങളും, ഫർണീച്ചറുകളും സ്ഥാന നിർണ്ണയം നടത്തി സൗകര്യപ്രദമായി സജ്ജീകരിക്കുന്ന കലാപഠനം ആണ് ഈ കോഴ്സ്.

# E-Commerce

ബാച്ചിലർ ഓഫ് ഇ-കൊമേഴ്സ് (B. E-com), BBA E- Com, PG Diploma യും MBA in E- Commerce, Master in E- Commerce എന്നീ കോഴ്സുകൾ ലഭ്യമാണ്.

കമ്പ്യൂട്ടർ നെറ്റ്വർക്ക് വഴി സാധനങ്ങളും, സേവനങ്ങളും, വിൽക്കുകയും, വാങ്ങുകയും ചെയ്യുന്ന രീതിയാണിത്. പരസ്യങ്ങൾ, വിപണനം, Electronic Fund Transfer, Marketing, Data Collection, Online Banking, Ticketing, Tele Conference, Website Designing എന്നിവയ്ക്ക് പുറമെ കമ്പനികൾക്കും, സ്ഥാപനങ്ങൾക്കും, വീടുകൾക്കും വേണ്ട സോഫ്റ്റ്വെയറുകൾ നിർമ്മിച്ച് വിതരണം ചെയ്ത് നല്ല വരുമാനം ആർജ്ജിക്കാനാവും.

## Commerce Faculty - Degree

Industrial & Financial transactions are studied here, B.com includes Business Maths, Book keeping & Accountancy, Economics organization of commerce, Company law, Taxation, Secretarial practice etc.



# If you select science faculty after 10$^{th}$ – then

- After 12$^{th}$ pass you can go for following courses
  - Engineering Degree in Civil, Mechanical Electrical, Electronics & TC Metallurgy, Computer Production, Marine, Industrial, Chemical Polymer, Petroleum
  - I.I.T, N.I.T, V.J.T.I
  - UDCT's Technology courses or Engineering Diplomas of Polytechnics
  - Architecture (Degree / Diploma)
  - Medicine
    - M.B.B.S
      - Self Practice as Physician
      - 2-3 years Post Grad. Specialisation M.D/M.S Consultancy
        - Self Practice
        - Consultancy with Hospitals
    - B.D.S
      - Self Practice
      - Job in Hospital
    - Pharmacy Courses
      - Self Business as pharmacist medical stores
      - Job in Pharma co.
    - Paramedical Therapies like, Physio, Speech Occupational therapy etc.
      - Self or with Hospitals Consultancy
    - B.A.M.S
      - As M.B.B.S
    - Homeopathy
      - As M.B.B.S
    - Nursing
      - Diploma
        - Job
      - Degree
        - Self Practice
        - Job
- After 12$^{th}$ pass you can take BSc. Degree &
  - Do job
  - Courses like D.M.L.T or Fisheries or Nursing or Nutrition or Dietician
  - Post Graduate Specialization in Management, Law, CA, CS, CWA, CFA For job or self Employment
  - Msc, Ph. D for job I research field or Lectureship
- Technical Education
  - I.T.I or Private Education Institute for Turner, Fitter, Welder, Millar, D.T.P, Computer etc.
  - Drafts man
  - Electrician wireless officer
  - Nursing
    - Self Practice
    - Job
  - Medical/Health Dental Mechanic X-Ray or Lab Technician Sanitary Inspector Orthopaedic Ophthalmologist


MCAST
Malta College of Arts, Science & Technology
IELTS ഇല്ലാതെ യൂറോപ്പിൽ
നഴ്സിംങ് പഠിക്കാൻ
സുവർണ്ണാവസരം
BACHELOR OF SCIENCE IN NURSING
*Entry Requirements:
Plus2 with Biology&Mathematics
*English Language Requirements:
60% in English from plus2
APPLY NOW
Get Scholarships
Worth 6500Euros
കരിയർ ഗൈഡൻസ് സെന്റർ
3-ാം നില, ജ്യോതി സൂപ്പർ ബസാർ
തൊടുപുഴ. 9447421594
www.careerguidancecentre.com, email: johnta9447@gmail.com

# അപ്ഡേറ്റഡ്
# ന്യൂ ജനറേഷൻ കോഴ്സുകൾ

1. BSc Virology
2. BSc Defence
3. BSc Fire & Safty
4. BCom Banking
5. BSc Medical Scince
6. BSc Pharmaceuticals Chemisrty
7. BSc Medical Micro-Biology
8. BSc Astro Physics
9. BSc Medical Physics
10. BPO, etc...

# അഡ്മിഷൻ കേരളത്തിൽ

**എല്ലാവിധ ഡിപ്ലോമ, ഡിഗ്രി,
പി.ജി, യൂണിവേഴ്സിറ്റി കോഴ്സുകൾക്കും,
മെഡിക്കൽ, പാരാമെഡിക്കൽ,
എഞ്ചിനീയറിംഗ്, ആർട്ട്സ് & സയൻസ്
അഡ്മിഷനുകൾക്കും വേണ്ട
മാർഗ്ഗനിർദേശങ്ങൾക്ക്
തൊടുപുഴ ജ്യോതി സൂപ്പർ ബസാറിൽ
മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന
കരിയർ ഗൈഡൻസ് സെന്ററുമായി ബന്ധപ്പെടുക.**

## ഫോൺ: 9447421594

# അബാക്കസ്, ഒരു എത്തിനോട്ടം

അബാക്കസ് എന്ന പദം 'അബാക്സ്'/(അബാക്കോസ്) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണെന്ന് കരുതപ്പെടുന്നു. പ്രാചീന മെസോപ്പൊട്ടാമിയയിലെ സുമേറിയൻ വംശക്കാർ 2700, 2300 BC യിൽ അബാക്കസ് ഉപയോഗിച്ചിരുന്നതായി ചരിത്രരേഖകൾ സാക്ഷ്യം വഹിക്കുന്നു. എന്നിരുന്നാലും ഇതിന്റെ ശരിയായ ഉത്ഭവം എവിടെ, എങ്ങനെ എന്ന കാര്യത്തിൽ തർക്കവും നിലനിൽക്കുന്നുണ്ട്. 4000 വർഷങ്ങൾക്കു മുമ്പ് ചൈനക്കാർ അബാക്കസ് ഉപയോഗിച്ചിരുന്നു. സുവാൻപാൻ രീതിയിലാണ് അവർ അബാക്കസ് ഉണ്ടാക്കിയിരുന്നത്. സുവാൻപാൻ രീതി മാറ്റി സോറോ ബൻ രീതിയിൽ അബാക്കസ് കൊണ്ടുവന്നത് ജപ്പാൻകാരാണ്. 2700, 2300 BC മുതൽ അബാക്കസിന്റെ രൂപവും ഭാവവും പരിഷ്കരിച്ചാണ് ഇപ്പോഴത്തെ രൂപം കൊണ്ടിട്ടുള്ളത്. 'കണക്ക് ചെയ്യുന്നതിനുള്ള ഉപകരണം' അല്ലെങ്കിൽ 'എണ്ണുന്നതിനുള്ള ഫ്രെയിം' എന്നും ഇത് അറിയപ്പെടുന്നു. ദീർഘ ചതുരാകൃതിയിൽ മരം കൊണ്ടുള്ള ഫ്രെയിം ഉണ്ടാക്കി ഒരു തടിക്കഷ്ണം കൊണ്ട് മുകളിലത്തെ നിരയും താഴത്തെ നിരയും വേർതിരിച്ച് നിറമുള്ള മുത്തുകൾക്കൊണ്ട് രൂപം കൊടുത്തിട്ടുള്ളതാണ് അബാക്കസ്. മുകളിലത്തെ നിരയെ 'ഹെവൻ ബീഡ്സ്' ആയും താഴത്തെ നിരകളെ 'എർത്ത് ബീഡ്സ്' ആയും കണക്കാക്കുന്നു. ഇത് ഉപയോഗിച്ച് സംങ്കലനവും, വ്യവകലനവും, ഗുണനവും, ഹരണവും, ദശാംശ ക്രിയകളും, വർഗ്ഗവും, വർഗ്ഗമൂല്യവും ഞൊടിയിടയിൽ കണ്ടെത്താൻ സഹായിക്കുന്നു. ചൈന പോലുള്ള രാജ്യങ്ങളിൽ കാൽക്കുലേറ്ററിനു പകരം കണക്ക് കൂട്ടാൻ അബാക്കസ് ഇന്നും ഉപയോഗിച്ച്പോരുന്നു. കാൽക്കുലേറ്ററിനേക്കാൾ വേഗതയിൽ അബാക്കസിൽ കണക്ക് കൂട്ടാൻ കഴിയുന്നു.

യൂറോപ്പ്, ചൈന, റഷ്യ എന്നീ രാജ്യങ്ങളിലാണ് ഇത് ആദ്യം നിലവിൽ വന്നത്. ചൈനീസ് അബാക്കസ്, ജാപ്പനീസ്, റഷ്യൻ അബാക്കസ്, മലേഷ്യൻ അബാക്കസ് എന്നിങ്ങനെ പല അബാക്കസ് മാതൃകകളുണ്ട്. ലോകത്തിലെ ആദ്യത്തെ കാൽക്കുലേറ്ററായി അറിയപ്പെടുന്നത് അബാക്കസാണ്. 'എനിയക്ക്' എന്ന ആദ്യ കമ്പ്യൂട്ടറിന്റെ ഉത്ഭവവും അബാക്കസിൽ നിന്നാണെന്ന് കരുതുന്നു. അന്ധനായ ടിം കാർണറാണ് ഫാദർ ഓഫ് അബാക്കസ് എന്നറിയപ്പെടുന്നത്.

ഹിന്ദു-അറബിക് നമ്പർ സിസ്റ്റത്തിനു മുമ്പ് ആറും ഏഴും നൂറ്റാണ്ടുകളിൽ ഇന്ത്യയിൽ അബാക്കസ് നിലനിന്നിരുന്നു. വാസബന്ധുവിന്റെ 'ആദിധർമ്മക്കോസാവസ്ഥ' എന്ന ഗ്രന്ഥത്തിൽ അബാക്കസിനെക്കുറിച്ച് പരാമർശമുണ്ട്. ഇന്ത്യൻ അബാക്കസിന്റെ ഏറ്റവും പുതിയ രൂപഘടന 2012 ൽ Mr. N ബഷീർ അഹമ്മദാണ് നടത്തിയത്. പ്രാചീനകാലത്ത് ബുദ്ധമതാചാര്യന്മാർ മതപ്രവർത്തനങ്ങൾക്കിടയിൽ വിശ്രമവേളകളിൽ നേരംപോക്കിന് വേണ്ടി പലക പുറത്തു കല്ലും പശയും ഉപയോഗിച്ച് ഇരുകൈകൾ കൊണ്ടും മാറിമാറി കല്ലുകൾ നീക്കി ക്രിയകൾ ചെയ്തിരുന്നു.

ഒരു കുട്ടി ജനിച്ച് 5 വയസ്സിനുള്ളിൽ ആ കുട്ടിയുടെ സ്വഭാവ രൂപീകരണം ഏതാണ്ട് 80% പൂർണ്ണമാകുമെന്ന് മനശാസ്ത്രജ്ഞന്മാർ പറയുന്നു. അതുപോലെ ഒരു കുട്ടിയുടെ തലച്ചോറിലെ സെല്ലുകളുടെ വളർച്ചയും 80 ശതമാനവും നടക്കുന്നത് 12 വയസ്സിനുള്ളിലാണ്. പുതുതായി തലച്ചോറിൽ ഉണ്ടാകുന്ന സെല്ലുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏറ്റവും നല്ല വ്യായാമം കണക്കുകൾ ഉപയോഗിച്ചുള്ള ക്രിയാകളാണ്. ഇടതു-വലതു കൈകൾ കൊണ്ട് ശ്രദ്ധാപൂർവ്വം അബാക്കസിൽ ഇടമുറിയാതെ കൂട്ടുക, കുറയ്ക്കുക, ഗുണിക്കുക, ഹരിക്കുക എന്ന കണക്കിന്റെ കളിയിലൂടെ സെല്ലുകളുടെ ഉത്തേജനം നടക്കുകയും അതുമൂലം അവയുടെ പ്രവർത്തനക്ഷമത വർദ്ധിക്കുകയും ചെയ്യുന്നു. ഏതൊരു കുട്ടിയാണെങ്കിലും ജന്മനാ ഉള്ള കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും വളർത്തുന്നതിനും അബാക്കസ് പരിശീലനം ഇടവരുത്തുന്നുവെന്നതിൽ തർക്കമില്ല.

ശ്രദ്ധിക്കുന്നതും കേൾക്കുന്നതും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിക്കൊണ്ട് അബാക്കസ് പഠനത്തിന്റെ പ്രയോജനം എന്തെന്ന് നോക്കാം. എന്താണ് 'ശ്രദ്ധ' എന്ന് പറയുന്നത്? ശ്രദ്ധ പൂർണമാകുന്നത് കണ്ണിന്റെയും, മുഖത്തിന്റെയും, ശരീരത്തിന്റെയും, കൂടാതെ മനസ്സിന്റെയും, തലച്ചോറിന്റെയും സാന്നിധ്യം കൊണ്ട് തലച്ചോറിലെ സെല്ലുകളിലേക്ക് ഒരാൾ പറയുന്ന കാര്യങ്ങൾ അണമുറിയാതെ ആലേഖനം ചെയ്യുന്ന പ്രവർത്തിയാണ്. എന്നാൽ ഈ പ്രവർത്തി ചെയ്യുമ്പോഴും നാം പല ശബ്ദങ്ങൾ കേൾക്കുന്നു. പക്ഷേ ശ്രദ്ധിക്കുന്ന കാര്യങ്ങൾ മാത്രമേ തലച്ചോറിലെ സെല്ലുകളിലേക്ക് ലേഖനം ചെയ്യുകയുള്ളു. വെറുതെ കേൾക്കുന്ന കാര്യങ്ങൾ തലച്ചോറിലേക്ക് ആലേഖനം ചെയ്യപ്പെടുന്നില്ല മറിച്ച് കേവല സംവേദനം മാത്രമാണ് നടക്കുന്നുള്ളൂ. അതായത് കേൾക്കുന്നുണ്ട് പക്ഷേ ശ്രദ്ധിക്കു

ന്നില്ല. ഉദാഹരണത്തിന് ഒരു ക്ലാസിൽ ടീച്ചർ കുട്ടികൾക്ക് ക്ലാസ്സ് എടുക്കുമ്പോൾ ശ്രദ്ധിക്കുന്ന കുട്ടികളുടെ ലക്ഷണം കണ്ടാലറിയാം. കുട്ടികളുടെ കണ്ണ്, മുഖം, ശരീരം എന്നിവ ടീച്ചറിന് അഭിമുഖമായും എന്നാൽ മനസ്സും ബോധമണ്ഡലവും തുറന്നു വെച്ച് പഠിപ്പിക്കുന്ന കാര്യങ്ങൾ തലച്ചോറിലെ സെല്ലുകളിലേക്ക് രേഖപ്പെടുത്തുന്ന രീതിയെയാണ് 'ശ്രദ്ധ' എന്ന് പറയുന്നത്. എന്നാൽ പഠിപ്പിക്കുന്ന സമയത്ത് റോഡിലൂടെ പായുന്ന വണ്ടികളുടെ ഹോൺ, ഫാനിന്റെ ശബ്ദം, സ്കൂളിലെ മറ്റ് ശബ്ദങ്ങളും കുട്ടികൾ കേൾക്കുന്നു. പക്ഷേ അവ തലച്ചോറിലേക്ക് ആലേഖനം ചെയ്യുന്നില്ല. ഇതാണ് ശ്രദ്ധിക്കുന്നതും കേൾക്കുന്നതും തമ്മിലുള്ള വ്യത്യാസം. ശ്രദ്ധയുടെ നിലവാരമനുസരിച്ച് ഗ്രഹിക്കുന്നതിന്റെ അളവ് കൂടിയും കുറഞ്ഞും ഇരിക്കും. എന്നാൽ ഗ്രഹിക്കുന്ന സമയത്ത് ചില അപായസൂചനകൾ ഉള്ള ശബ്ദങ്ങൾ കേട്ടാൽ ഉടൻ ആ ശബ്ദത്തിലേക്ക് ശ്രദ്ധ പോകുകയും പ്രസ്തുത അപായ സൂചനയിൽ നിന്നും നമ്മുടെ ജീവൻ രക്ഷിക്കുന്നതിനു വേണ്ട ഹോർമോണായ അഡ്രിനാലിന്റെ ഉത്പാദനത്തിന് നിർദ്ദേശം കൊടുക്കുന്നതും തലച്ചോറിന്റെ ഒരു വിവേചനാത്മകമായ കഴിവാണ്. അഡ്രിനാലിൻ ഹോർമോൺ അമാനുഷിക കഴിവ് അല്ലെങ്കിൽ ഊർജ്ജം പ്രദാനം ചെയ്യുന്ന ഒരു ഹോർമോൺ ആണ്.

നമുക്ക് ക്ലാസ് റൂമിലേക്ക് ഒന്നുകൂടി പോകാം. തലേ ദിവസത്തെ പാഠഭാഗത്ത് നിന്നും ചോദ്യങ്ങൾ ചോദിക്കുന്ന പതിവ് ഉള്ളതാണല്ലോ. ടീച്ചർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുമ്പോൾ എന്താണ് സംഭവിക്കുന്നത്? ശ്രദ്ധയിൽ നിലവാരം പുലർത്തിയ കുട്ടി തന്റെ തലച്ചോറിലെ സെല്ലുകളിൽ തലേ ദിവസത്തെ പാഠഭാഗങ്ങൾ കോർത്തിണക്കി നല്ല ഭംഗിയായി 100% ശരിയായ ഉത്തരം നൽകുന്നു. തലച്ചോറിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ തിരിച്ചെടുക്കുന്ന പ്രവർത്തിയെയാണ് നാം 'ഓർമ്മശക്തി' എന്ന് വിളിക്കുന്നത്. ക്ലാസ്സിൽ ശ്രദ്ധിക്കുന്ന സമയത്ത് ശ്രദ്ധ മുറിഞ്ഞ് മറ്റ് കാര്യങ്ങളിൽ മുഴുകുന്ന കുട്ടികൾക്ക് ശരിയായ ആലേഖനം സെല്ലുകളിൽ നടക്കുന്നില്ല. അതുകൊണ്ട് ഉത്തരം ശരിയാക്കാൻ സാധ്യത മങ്ങുന്നു.

ഒരു കമ്പ്യൂട്ടറും തലച്ചോറും ചെയ്യുന്നത് ഒരേ പ്രവർത്തനമാണ്. കമ്പ്യൂട്ടറിൽ നാം ടൈപ്പ് ചെയ്യുന്നത് സേവ് ചെയ്യുമ്പോൾ അത് CPU ൽ ഉള്ള memory യിൽ രേഖപ്പെടുത്തി വെക്കുമല്ലോ. ടൈപ്പ് ചെയ്യുമ്പോൾ അക്ഷരത്തെറ്റ് വന്നിട്ടുണ്ടെങ്കിൽ സേവ് ചെയ്യുമ്പോൾ ആ തെറ്റും കൂടിയാവും രേഖപ്പെടുത്തി വയ്ക്കുന്നത്. പിന്നീട് സേവായ കാര്യങ്ങൾ

തിരിച്ചെടുക്കുമ്പോൾ നാം എങ്ങനെയാണോ ടൈപ്പ് ചെയ്തത് അതു തന്നെയാണ് തിരിച്ചെടുക്കുമ്പോഴും കിട്ടുകയുള്ളൂ. അക്ഷരത്തെറ്റുകൾ തിരുത്തി വീണ്ടും സേവ് ചെയ്താൽ മാത്രമേ 100% ഉത്തരം ശരിയായിരിക്കുകയുള്ളൂ.

അബാക്കസിൽ കണക്കിലെ ക്രിയകൾ ചെയ്യുന്നതിലൂടെ എന്താണ് തലച്ചോറിന് സംഭവിക്കുന്നത്? ഇടതു കൈകൊണ്ട് നാം ഒരു പ്രവർത്തി എടുക്കുമ്പോൾ അത് ഒരു വലത് ബ്രെയിൻ പ്രവർത്തനമാണ്. അതുപോലെ വലതു കൈകൊണ്ട് ഒരു പ്രവർത്തി നാം എടുക്കുമ്പോൾ ഇടത് ബ്രയിനിന്റെ പ്രവർത്തനവുമാണ്. ഇനി ഇടതു–വലതു കൈകൾകൊണ്ട് നാം ഏതൊക്കെ പ്രവർത്തി ചെയ്യുന്നുണ്ടോ അതെല്ലാം ഇടതു–വലത് തലച്ചോറിന്റെ കണങ്ങളുടെ ഏകോപിത പ്രവർത്തനങ്ങളാണ്. ഇങ്ങനെയുള്ള ഏതൊരു പ്രവർത്തനവും ഇടതു–വലത് തലച്ചോറിന്റെ സെല്ലുകളുടെ പ്രവർത്ത നക്ഷമത കൂട്ടുകയും ആയതുകൊണ്ട് പ്രവൃത്തി ത്വരിതപൂർണവും കൃത്യതയുള്ളതും ആയിത്തീരുന്നു.

തലച്ചോറിന്റെ വലതുഭാഗം ഉപയോഗിച്ചാണ് നാം കാഴ്ചകളും, സംഖ്യകളും, സംഗീതവും തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നത്. വലത് ബ്രയിനിന്റെ ചുമതലയിൽ വരുന്ന കാര്യങ്ങൾ visual awareness, imagination, emotions, special abilities, face recognition, music awareness, 3D forms, interpreting social cues എന്നിവ ചില ഉദാഹരണങ്ങളാണ്. മറിച്ച് ഇടതു ബ്രെയിൻ ചുമതലയിൽ വരുന്ന കാര്യങ്ങൾ വിമർശനാത്മകത, ഭാഷാപരമായ കഴിവ്, കാര്യനിർവ ഹണത്തിനും ചിന്തിക്കുന്നതിനും ഉള്ള കഴിവ് എന്നിവ ഉദാഹര ണങ്ങളാണ്. അതായത് വലതുകൈ ഇടതു ബ്രെയിൻ ചുമതലയിലും ഇടതുകൈ വലതു ബ്രെയിൻ ചുമതലയിലുമാണ് പ്രവർത്തിക്കുന്നത്.

ഒരാൾ ഇരു കൈകൾകൊണ്ടും അബാക്കസിൽ വേഗതയിൽ ഇടമുറിയാതെ ഗണിതക്രിയകൾ ചെയ്യുമ്പോൾ അയാളുടെ ഇരു ബ്രെയിനുകളും പ്രവർത്തനോന്മുഖവും അതുമൂലം തലച്ചോറിന്റെ പ്രവർത്തനക്ഷമതയ്ക്ക് നേട്ടവും ഉണ്ടാക്കുന്നു. അതായത് ഇടതന്മാർ കാര്യനിർവഹണശേഷി കൂടിയവരും വലതന്മാർ കാര്യകാരണ ചിന്താശക്തി കൂടിയവരും ആണ്. ഉദാഹരണത്തിന് ഒരു മാങ്ങ മാവിൽ കാണിച്ച് ഇടതനോടും വലതനോടും എറിഞ്ഞു വീഴ്ത്താൻ പറഞ്ഞാൽ ആദ്യം ഇടതൻ അത് പ്രാവർത്തികമാക്കുകയുള്ളൂ. ഇടതു കൈ ഉപയോഗിക്കുന്ന ആൾ വലതു ബ്രെയിൻ ചുമതലയിലൂടെ കാര്യ

നിർവഹണം വേഗത്തിൽ നടപ്പാക്കും. മറിച്ച് വലതു കൈ ഉപ യോഗിക്കുന്നവർ ഇടതു ബ്രെയിൻ ഉപയോഗിച്ച് കാര്യകാരണ സഹിതം ചിന്തിച്ച് മാങ്ങ എങ്ങനെ എറിഞ്ഞാൽ വീഴും, വീഴുമോ അതോ വീഴില്ലേ എന്ന ചിന്തയിൽ മുഴുകുന്ന സമയം തന്നെ ഇടതന്മാർ വലത് ബ്രെയിൻ ചുമതലയിലൂടെ കാര്യനിർവഹണം നടത്തുന്നതാണ്.

മത്സരബുദ്ധിയോടെ 100% ക്രിയകളും ശരിയാക്കുന്നതോടൊപ്പം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തങ്ങളുടെ ദൗത്യം പൂർണമാക്കുന്നവർക്കാണ് അബാക്കസിൽ ഒന്നാം സ്ഥാനം. ഒന്നാം സ്ഥാനം നിലനിർത്തണമെന്ന മത്സരബുദ്ധിയിൽ ശ്രദ്ധയുടെ നിലവാരം കൂടി വരികയും കൃത്യത, വേഗത, എന്നീ ഗുണങ്ങൾ ആർജിക്കുകയും താഴെപ്പറയുന്ന അനുബന്ധ ഗുണങ്ങൾ അബാക്കസ് പരിശീലത്തിലൂടെ ലഭിക്കുകയും ചെയ്യും. ഇൻറർനാഷണൽ സ്കൂളുകളിൽ അബാക്കസ് ഒരു പാഠ്യവിഷയമാണ്. മത്സരാധിഷ്ഠിതമായ ഇക്കാലത്ത് അബാക്കസ് പരിശീലനം വഴി കുട്ടികളിൽ ഓർമ്മശക്തി, ബുദ്ധിശക്തി, ഏകാഗ്രത, ഭാവന, കൃത്യത, വേഗത, ശ്രദ്ധ, ഗണിതാഭിരുചി, ആത്മവിശ്വാസം ക്രിയാത്മകത, ഗ്രഹണശക്തി, കാര്യപ്രാപ്തി, വ്യക്തിത്വവികസനം, ധീരത എന്നിവ വളർത്തി, നെഗറ്റീവ് സാഹചര്യങ്ങളേപോലും പോസിറ്റീവാക്കാനുള്ള കഴിവ് നേടിയെടുക്കുന്നു. അബാക്കസ് പരിശീലനം വഴി ചുരുക്കത്തിൽ ഒരുവന് സഹിഷ്ണുതാപൂർവ്വം ജീവിക്കാൻ വേണ്ട പരിശീലനമാണ് ലഭിക്കുന്നത്.

അബാക്കസ് പഠിക്കുന്നതിനുവേണ്ട മിനിമം യോഗ്യത എന്ന് പറയുന്നത് ഒന്നുമുതൽ പത്തുവരെ എഴുതാനും വായിക്കാനും അറിയുകയെന്നതാണ്. നാലു വയസ്സ് തുടങ്ങി പതിനാലു വയസ്സുവരെയുള്ള കുട്ടികൾ അബാക്കസ് പഠിക്കുന്നുണ്ട്. ഏറ്റവും കുറഞ്ഞ പ്രായത്തിൽ പഠിക്കുന്നതാണ് ഏറ്റവും അഭികാമ്യം. അബാക്കസ് ഒന്നാം ലെവൽ പഠനത്തിനുശേഷം കുട്ടികൾ, അബാക്കസോ പേപ്പറോ പേനയോ ഉപയോഗിക്കാതെ മനക്കണക്കായാണ് പരിശീലനം ചെയ്യുന്നത്. ഇത് സാധ്യമാക്കുന്നത് അബാക്കസെന്ന ഉപകരണം കുട്ടികളുടെ മനസ്സിൽ രൂപാത്മകമായി പ്രതിഷ്ഠിക്കുകയും വിഷ്വലൈസേഷൻ വഴി അബാക്കസിലെ ബീഡുകൾ ത്വരിതപൂർണ്ണമായി മനസ്സിൽ വച്ച് യാന്ത്രികമായി കണക്കുകൾ കൂട്ടുന്ന പ്രക്രിയയാണ് 'മെന്റൽ അബാക്കസ്സ്' എന്ന് അറിയപ്പെടുന്നത്.

## Cognitive skills

- Physical and logical actions which stimulate brain development at an early age.
- It removes the fear of numbers.
- It helps in creating virtual images in mind which inturn will boost memory and sharpen cerebral construction of a child.
- Develop photographic memory power.

SMA ABACUS INDIA PVT. Ltd. (Franchisee)

Jyoti Super Bazar, Thodupuzha.

Phone: 9447421594


കരിയേഴ്സ് ട്യൂഷൻ സെന്റർ

VIII, IX, X, +1, +2 morning & failed batch
എഞ്ചിനീയറിംഗ്, പോളിടെക്നിക്

മികച്ച എൻട്രൻസ് കോച്ചിംഗ്
+2 Coaching for NIOS,
Special Coaching for KSR & KER, Hand Writing

3rd Floor, Jyothi Super Bazar
**THODUPUZHA. 9447421594**

# അഡ്മിഷൻ

## +2 കഴിഞ്ഞില്ലേ?

**ഭാവി സുരക്ഷിതമാക്കാൻ**
**അലയ്ഡ് ഹെൽത്ത് കോഴ്സുകൾ**

- **B.Sc Cardiac Care Tech**
- **B.Sc Perfusion Tech**
- Occupational Therapy (BOT)
- B.Sc Critical Care Tech
- Operation Theatre Tech
- **Respiratory Care Tech**
- Radio Therapy ◈ **Optometry**
- **Nuclear Medicine**
- **Imaging Tech** ◈ **Dialysis Tech**
- **Physician Asst.**
- **B.P.T & M.P.T** ◈ B.S.L.P
- Emergency Medicine
- B.Sc Anaesthesia Tech
- B.Sc Neuro Science

## ENGINEERING

**എഞ്ചിനീയറിംഗ് മേഖലയിൽ തളരാതെ പച്ചപ്പോടുകൂടിയ ശാഖകൾ**

- **Food Tech** ◈ Fire Tech
- **Petroleum** ◈ Chemical
- Mechatronics ◈ **Petro-Chemical**
- **B.Tech Agriculture**
- **Aerospace Engineering**

## NEW GENERATION COURSES

- B.Sc Date Science ◈ **B.Sc Agriculture**
- B.Sc Renewable Energy
- **B.Sc Forensic Science**
- B.Sc Health Safety Environment
- **B.Sc Environmental Science**
- **B.C.A with Cloud Computing**
- **B.Sc Criminology with Forensic Psychology**

## NURSING

- M.Sc (N)
- B.Sc (N)
- Post B.Sc (N)

## PHARMACY

- **Pharm 'D'** 6 Years Course
- D. Pharm (M Phil & Phd)
- M Pharm ◈ B. Pharm

## ഹോട്ടൽ മാനേജ്മെന്റ്

- MHM ◈ B.H.M
- B.Sc. Hospitality Management
- B.Sc Hotel Management & Catering Science
- B.Sc Tourism & Hospitality Management
- M.Sc Hotel Management & Catering Science
- B.Sc Hospitality & Airline Catering Management
- B.Sc Hospitality Science (B.H.S)

**CAREER GUIDANCE CENTRE**



**33–ാം വർഷം**

**Jyothi Bazar, Thodupuzha**
**Mob: 9447421594**
Email: johnta9447@gmail.com

## MARINE

- B.Tech Marine ◈ DNS
- **B.Tech Ship Building**
- **B.Sc Nautical Science**

## ട്യൂഷൻ ക്ലാസുകൾ

പ്രൈമറി,ഹൈസ്കൂൾ തലങ്ങളിൽ എല്ലാ വിഷയങ്ങൾക്കും +1, +2 തലങ്ങളിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ് എന്നീ വിഷയങ്ങൾക്ക് റെഗുലറായും ഫെയിൽഡ് ബാച്ചിനും, NIOS, NWAC യ്ക്കും അഡ്മിഷൻ തുടരുന്നു. മൊബൈൽ: 9447421594

# കരിയർ ഗൈഡൻസ് സെന്റർ

3–ാം നില, ജ്യോതി സൂപ്പർ ബസാർ
**തൊടുപുഴ. 9447421594**
www.careerguidancecentre.com, email: johnta9447@gmail.com

# +2 വിന് ശേഷം ഏതെല്ലാം കോഴ്സുകൾ പഠിക്കാം. ഒരെത്തിനോട്ടം.

**+2 PCM/Computer:-** പൊതുവെ എഞ്ചിനിയറിംഗ് മേഖലയിൽ താര്യമുള്ളവർക്ക് PCM/with Computer +2 തലത്തിൽ തിരഞ്ഞെടുക്കാം. കോഴ്സിനുശേഷം പഠിക്കാൻ പറ്റിയ മേഖലകളെ പരിചയപ്പെടാം.

**എഞ്ചിനിയറിംഗ്:** കോർ എഞ്ചിനിയറിംഗ് ശാഖകൾ ആയ Mechanical, Electrical, Civil എന്നിവക്ക് പുറമെ ധാരാളം ശാഖകൾ ലഭ്യ മാണ്. Aerospace, Aeronautical, Automobile, Bio-Medical, Bio-Chemical, Chemical, Petroleum, Food-Technology, B.Tech Cosmetology, Fire & Safety, Textile, Marine, Mechatronix, Metallurgical, Mining, Industrial, Sound Engineering, Nano Tech, Clound & Mobile Applications Tech, Web-Tech & Big data management, Building Science & Tech, Net work Engineering, Controle Engineering, Nuclear Engineering, Corrosion Engineering, Packing Tech, Plastic Engineering, Paper Tech, Genetic Engineering, Molecular Engineering, B.Tech Nano, B.Tech Sugar, Wind Tech, Agriculture Engineering, Leather Tech, AMie, B. Arch കൂടാതെ Degree തലങ്ങളിൽ വരുന്ന BCA, BBA, BSW, BHM, BHS, BSc Hospitality, BSc Dairy Science, ഫോറൻസിക്, ഫാർമസി, ബയോടെക്, ഓകപേഷണൽ തെറാപ്പി, ഏവിയേഷൻ, BSc MLT, ഹോം സയൻസ്, GNM, പൈലറ്റ് ട്രെയിനിംഗ്, മാരിടൈം കോഴ്സുകൾ, എയർലൈൻ കോഴ്സുകൾ, സിനിമാ രംഗം, LLB, Computer കോഴ്സുകൾ, T.T.C, ഇന്റീരിയർ ഡിസൈൻ, ചില ഡീംഡ് യൂണിവേഴ്സിറ്റികളിൽ എല്ലാവിധ പാരാമെഡിക്കൽ കോഴ്സുകളും +2 Pass any Group ന് ലഭിക്കുന്നതാണ്.

**+2 PCB:** Physics, Chemistry Biology കഴിഞ്ഞവർക്ക് വിവിധ ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കോഴ്സുകൾ തിരഞ്ഞെടുക്കാം.

MBBS, BDS, BHMS, BAMS, BNYS, BSMS, Psychology, BVSC, BHM, BSC Hospitality, BSC all courses, BCA, BBA, BSW, BMS, T.T.C, Poly-Tech, ആർട്ട്സിൽ വരുന്ന എല്ലാ ഡിഗ്രികളും, കൊമേഴ്സിൽ വരുന്ന എല്ലാ ഡിഗ്രികളും, CA, CS, ICWA, സിനിമാ കോഴ്സുകൾ, ട്രാവൽ & ടൂറിസം, ജേർണലിസം, ഫാഷൻ ടെക്, ഹോർട്ടികൾച്ചർ,

ഫ്ളോറികൾച്ചർ, സെറി കൾച്ചർ, ഫിഷറീസ്, ഡയറി സയൻസ്, ഹെൽത്ത് ഇൻസ്പെക്ടർ, കാർഡിയാകെയർ ടെക്, പെർഫ്യൂഷൻ ടെക്, ഇമേജിങ് ടെക്, അനസ്തേഷ്യാ, ഫിസിഷ്യൻ അസ്സിസ്റ്റന്റ്, ഇൻഹിലേഷൻ, ന്യൂറോ ടെക്, ന്യൂക്ലിയർ മെഡിസിൻ, ഫൈബർ ടെക്, ഒപ്റ്റോമെട്രി, ഓഡിയോളജി, BPT, OTT, ഒക്യുപേഷണൽ തെറാപ്പി, റെനൽ ഡയാലിസിസ്, രക്തബാങ്ക്, BBM, കൊമേഴ്സിലും ആർട്ട്സിലും വരുന്ന എല്ലാ ഡിഗ്രികൾക്കും ഇക്കൂട്ടർക്ക് അഡ്മിഷൻ യോഗ്യതയുണ്ട്. ഫോറൻസിക്, ഓൾട്ടർനേറ്റ് എനർജി, BSC ന്യൂട്രിഷൻ & ഡയറ്റിക്സ്, BSc MLT, ഫാം ഡി, B. Pharm, BSc (N), BSC ഫയർ & സേഫ്റ്റി, ഫോട്ടോണിക്സ്, ആസ്ട്രോ ഫിസിക്സ്, ആസ്ട്രോ ബയോളജി, ജിയോ ഫിസിക്സ്, BSc ഓർത്തോണ്ടിക്സ്, B.Ped, BFT, DBM, IBM, Sculpture, BSc Emergency Medicine, ന്യൂക്ലിയർ മെഡിസിൻ, ജിയോളജി, ജെമ്മോളജി, ആക്ച്യൂറിയൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് etc...

**+2 ഹ്യൂമാനിറ്റീസ്:–** BA തലത്തിൽ നിരവധി കോഴ്സുകൾ ഇക്കൂട്ടർക്ക് ലഭ്യമാണ്. BBA, BBM, BMS,Tourism, ഫാഷൻ-ടെക്, ഹോട്ടൽ മനേജ്മെന്റ്, ഡിസൈനിംഗ്, ജേർണലിസം, മീഡിയ എന്റർടൈൻമെന്റ്, സിനിമ, ടി.വി, CA, CS, ICWA, എയർ ഹോസ്റ്റസ്, B.Com, IAS, IPS, IFS, ലൈബ്രറി സയൻസ്, D.Ed, Geology, Statistics, History, Political Science, Psychology, Criminology, Diploma Course കൾ, ഫൈൻ ആർട്ട്സ്, ഇന്റീരിയർ ഡിസൈനിംഗ്, BSW, പോർട്ട് മാനേജ്മെന്റ്, ഫോട്ടോഗ്രഫി, B.A Counselling, D.Ed, Librarian, മീഡിയ മാനേജ്മെന്റ്, GNM, Sociology, Multimedia, International Studies, BA Geography, BA Mass Communication, BA Philosophy, BA Psychology, Printing Technology, LLB, BA Gemmology, Jewellery Design, Diamond Cutting, ആനിമേഷൻ, ഫാഷൻ ടെക്, BA ആർക്കിയോളജി, ആന്ത്രപ്പോളജി, ആക്ടിവിസ്റ്റ്, BA അപ്ലൈഡ് ആർട്ട്സ്, ഇവന്റ് മാനേജ്മെന്റ് കോഴ്സുകൾ, കാർട്ടൂൺ കോഴ്സുകൾ എന്നിവ +2, ഹ്യുമാനിറ്റീസ്കാർക്ക് പഠിക്കാൻ സാധിക്കും.

**+2 കൊമേഴ്സ്:–** B.Com Co-operation, B.Com Finance & Taxation, B.Com Honours, B.Com Computer Applications, B.Com Taxation, B.Com Travel & Tourism, B.Com Secretarial Practice, B.Com Marketing & Sales, B.Com Sales & Advertisement, B.Com Bank Management, B.Com Foreign Trade, B.Com Logistics & Management, B.Com Office Management, BBA, BBM, BMS, BCA, BA, CA, CS, ICWA, CFA, GNM, BHM, Sociology, BSW, Travel & Tourism, LLB, Accountancy, Diploma in

Accounting കോഴ്സുകൾ, അപ്പാരൽ ഡിസൈൻ, സർവ്വെ, ആനിമേഷൻ, ഇലക്ട്രീഷൻ, ജെം & ജുവല്ലറി, പോളി-ടെക്, Refregerating, എയർലൈൻ മാനേജ്മെന്റ്, ഓപ്പറേഷൻ മാനേജ്മെന്റ്, IT, സപ്ലെ ചെയിൻ മാനേജ് മെന്റ്, മാർക്കറ്റിംഗ്, ഇന്റർ നാഷണൽ ബിസിനസ്, ഡിജിറ്റൽ മീഡിയ, IATA, UFTAA, FIATA, ഇ-കൊമേഴ്സ്, Taxation, Finance, തുടങ്ങിയ മേഖലകളിലും പഠനം തുടരാം.

## നിലവിൽ പഠന രംഗത്ത് നല്കിവരുന്ന സ്കോളർഷിപ്പ്കളിലേക്ക് ഒരെത്തിനോട്ടം.

1. കുട്ടികളുടെ ജാതി, മതം, കുടുംബം, ആൺ-പെൺ വ്യത്യാസം അനുസരിച്ച് ഏർപ്പെടുത്തിയിട്ടുള്ളവ.

2. മെരിറ്റിന്റെ അടിസ്ഥാനത്തിൽ പഠനമികവ് അനുസരിച്ച് നല്കുന്നവ.

3. ചില പ്രത്യേക മേഖലയുടെ പുരോഗതിക്കും, ഇവിടങ്ങളിലെ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ വേണ്ടിയും പ്രോത്സാഹാനം നല്കിക്കൊണ്ട് ഉള്ള സ്കോളർഷിപ്പുകൾ. ഉദാ: സ്പോർട്ട്സ്, ഫിസിക്സ്, സ്പെയ്സ്, മുതലായവ.

4. പെൺകുട്ടികളിൽ ശാസ്ത്രീയബോധം വളർത്തുക, യുവജന സംരംഭകത്വം വളർത്തുക എന്നിങ്ങനെയുള്ള ലക്ഷ്യം വച്ച് നല്കുന്ന സ്കോളർഷിപ്പുകൾ.

5. ചില യൂണിവേഴ്സിറ്റി അല്ലെങ്കിൽ കോളേജുകളിൽ ഉപരി പഠനത്തിന് അവിടെ തന്നെ പഠിച്ചിറങ്ങിയ പൂർവ്വവിദ്യാർത്ഥികളോ ജീവനക്കാരോ, മാനേജ്മെന്റുകളോ ഏർപ്പെടുത്തുന്ന സ്കോളർഷിപ്പുകൾ.

6. സെൻട്രൽ മെറിറ്റ് സ്കോളർഷിപ്പ്:- മാതാപിതാക്കളുടെ വാർഷികവരുമാനം ആറ് ലക്ഷത്തിൽ കവിയാത്ത, ബിരുദത്തിന് പഠിക്കുന്ന എന്നാൽ മറ്റ് സ്കോളർഷിപ്പുകൾ ഇല്ലാത്തവരും, ക്രീമിയർ ലെയറിൽ പെടാത്തവർക്കും വേണ്ടി ആണ് ഇത് നിശ്ചയിച്ചിട്ടുള്ളത്. ഡിഗ്രിക്ക് പ്രതിവർഷം 10,000 രൂപയും PG ക്ക് 20,000 രൂപ വാർഷിക അടിസ്ഥാനത്തിലും മറ്റ് പ്രൊഫഷണൽ ഡിഗ്രി

കോഴ്സുകൾക്ക് പഠിക്കുന്ന വർക്ക് ആദ്യ മൂന്ന് വർഷം 10,000 രൂപ യും, PG തലത്തിൽ ie., നാലും അഞ്ചും വർഷങ്ങളിൽ 20000 രൂപ യും സ്കോളർഷിപ്പ് ലഭിക്കും.

7. സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ്:- +1 മുതൽ ഡിഗ്രിവരെ പഠിക്കുന്ന കുട്ടി കൾക്ക് പ്രതിവർഷം 1250 രൂപ ലഭിക്കുന്ന 300 ൽ അധികം സ്കോളർ ഷിപ്പുകളും, പി ജി തലത്തിൽ 1500 രൂപ നിരക്കിൽ പ്രതിവർഷം ലഭിക്കുന്ന 150 തിൽ പരം സ്കോളർഷിപ്പുകളും **ഉണ്ട്.** 50% മാർക്കോ ടെ യോഗ്യതാപരീക്ഷ പാസ്സാകുകയും വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവർക്കും ആണ് ഇത് നല്കുന്നത്.

8. എല്ലാവിഷയങ്ങൾക്കും A+ നേടുന്ന SSLC, +2, ITI, Poly-Tech, മുത ലായ കോഴ്സുകൾ പഠിക്കുന്നവർക്ക് വാർഷിക സ്കോളർഷിപ്പ് 1250 രൂപ ലഭിക്കും.

9. അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന +1 തുടങ്ങി ഡിഗ്രി, പി.ജി, പി.എച്ച്.ഡി, ITI, എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന മതന്യൂന പക്ഷങ്ങളിൽപ്പെടുന്ന ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾക്ക് SSLC/യൂ ണിവേഴ്സിറ്റി പരീക്ഷകളിൽ 50% മാർക്കും, വാർഷിക വരുമാനം **രണ്ടര** ലക്ഷം രൂപയിൽ കൂടാനും പാടില്ല.

10. സ്കൂൾ അദ്ധ്യാപകരുടെ മക്കൾക്ക് +1 മുതൽ ബിരുദം വരെ പഠിക്കു ന്നവർക്ക് പ്രതിമാസം 50 രൂപാ ലഭിക്കുന്ന സ്കോളർഷിപ്പ് ആണ് M.S.T.C എന്നപേരിൽ അറിയപ്പെടുന്നത്.

11. ഹിന്ദിയിൽ ബിരുദം പഠിക്കുന്നവർക്ക് പ്രതിമാസം 500 രൂപാ വീതം ലഭിക്കുന്ന 180-ൽ പരം സ്കോളർഷിപ്പുകളും, മാസംതോറും 1000 രൂപ ലഭിക്കുന്ന 60 തോളം സ്കോളർഷിപ്പുകളും പി.ജി തലത്തിൽ ലഭ്യമാണ്.

12. നാടാർ, മുസ്ലീം വിഭാഗത്തിൽവരുന്ന OBC ക്കാരായ +1 പെൺകുട്ടി കൾക്ക് പ്രതിമാസം 125 രൂപാ ലഭിക്കുന്ന സ്കോളർഷിപ്പുകൾ നില വിലു**ണ്ട്.**

13. BPL വിഭാഗത്തിൽ വരുന്ന ഡിഗ്രി പി ജി തലങ്ങളിൽ പഠിക്കുന്ന കുട്ടി കൾക്ക് പ്രതിമാസം 1000 രൂപ ലഭിക്കുന്ന 'സുവർണ്ണ ജൂബിലി' സ് കോളർഷിപ്പ് ലഭിക്കുന്നതാണ്.

14. ഡിഗ്രി തലങ്ങളിൽ സംസ്കൃതം പഠിക്കുന്നവർക്ക് പ്രതിമാസം 200 രൂപ ലഭിക്കുന്ന 55 സ്കോളർഷിപ്പുകൾ നിലവിലുണ്ട്. പി ജി തലത്തിൽ സംസ്കൃതം പഠിക്കുന്നവർക്ക് പ്രതിമാസം 200 രൂപ ലഭിക്കുന്ന 25-ൽ പരം കോൾഷിപ്പുകളും ലഭ്യമാണ്.

15. കേരളീയരായ ലാറ്റിൻ ക്രിസ്ത്യൻ, മുസ്ലീം, പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽ വരുന്നവരും വാർഷിക വരുമാനം 4 ലക്ഷത്തിൽ കവി യാത്തവരും ബിരുദതലത്തിൽ പ്രതിവർഷം 4000 രൂപ വരുന്ന 1000 സ്കോളർഷിപ്പുകളും ബിരുദാനന്തരബിരുദ കോഴ്സുകൾക്ക് പ്രതിവർഷം 5000 രൂപ ലഭിക്കുന്ന 1000 സ്കോളർഷിപ്പുകളും, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രതിവർഷം 6000 രൂപ ലഭിക്കുന്ന 1000ത്തിൽ പരം സ്കോളർഷിപ്പുകളും CH Muhammed Koya എന്ന പേരിൽ നല്കിവരുന്നുണ്ട്.

16. സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് ബിരുദ, പി ജി കോഴ്സുകൾക്ക് പഠിക്കുന്നവരും ബോർഡ് തലത്തിൽ 80% മാർക്കുള്ളവരും, നോൺക്രീമീലയറിൽ വരുന്നവർക്കും പ്രതിവർഷം 82,000 രൂപയും നല്കിവരുന്നു. ഈ വിഭാഗത്തിൽ 50% സ്കോളർഷിപ്പ് വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ളതാണ്. UGCയും, AICTEയും നിരവധി സ്കോളർഷിപ്പ് സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ട്.

17. സാങ്കേതിക വിദ്യാഭ്യാസം ഡിപ്ലോമ തലത്തിലും ഡിഗ്രിതലത്തിലും നടത്തുന്ന പെൺകുട്ടികൾക്ക് പ്രഗതി സ്കോളർഷിപ്പ് എന്ന പേരിൽ ആനുകൂല്യങ്ങൾ നൽകിവരുന്നു.

18. കലാ വിദ്യാർത്ഥികളുടെ പ്രോത്സാഹനത്തിനായി സാംസ്കാരിക വകുപ്പ് 'യങ് ആർട്ടിസ്റ്റ് ടാഗോ', ദേശീയ സ്കോളർഷിപ്പ്', 'ഔട്ട്സ്റ്റാന്റിംഗ് പേഴ്സണൽ' തുടങ്ങിയ സ്കോളർഷിപ്പുകൾ നൽകിവരുന്നു.

19. സ്പോട്ട്സ് രംഗത്തുള്ള മിടുക്കന്മാർക്കും മിടുക്കികൾക്കും UGC വഴി 'നെറ്റ്', 'JRF', 'പോസ്റ്റ് ഡോക്ടറൽ', 'ഉദയ' തുടങ്ങിയ 14 സ്കോളർഷിപ്പുകൾ നിലവിലുണ്ട്.

20. ശാസ്ത്രമേഖലയിലെ ഗവേഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് 'ഇൻസ്പെയർ' എന്ന പേരിലും, കേരള സർക്കാരിന്റെ വിവിധ സ്കോളർഷിപ്പുകൾ നിലവിലുണ്ട്. ഈ വിധത്തിലുള്ള ആനുകൂല്യങ്ങളും

സ്കോളർഷിപ്പുകളും പലർക്കും അറിവില്ലാത്തതുകൊണ്ട് പാഴായി പോകാറുണ്ട്.

കുട്ടികളും രക്ഷിതാക്കളും E-Governs Mission ന്റെ നേതൃത്വത്തിൽ നാഷ്ണൽ സ്കോളർഷിപ്പ് എന്ന പോർട്ടലിലും www.scholarships.gov.in എന്ന സൈറ്റിലും വിവിധ മന്ത്രാലങ്ങൾ നല്കുന്ന 70 തിൽ പരം സ്കോളർഷിപ്പുകളെക്കുറിച്ചും, ഉന്നത വിദ്യാഭ്യാസം, ന്യൂനപക്ഷ ക്ഷേമം, സാമൂഹിക നീതി വകുപ്പ് എന്നീ മന്ത്രാലയങ്ങൾ നല്കിവരുന്ന നിരവധി സർക്കാർ സ്കോളർ ഷിപ്പുകളെക്കുറിച്ചും മനസിലാക്കുന്നതിന് താഴെപറയുന്ന സൈറ്റുകൾ തിരയുക.

a. ugc.ac.in

b. scholarship.itschool.gov.in

c. scholarships.gov.in

d. dcscholarship.kerala.gov.in


**We provide proper admission guidance to A to Z courses around 150 countries including Kerala and all other states in India.**

33rd Year of Trustful Service

**CAREER GUIDANCE CENTRE**

3rd Floor, Jyothi Super Bazar

**THODUPUZHA. 9447421594**


STUDY ABROAD FRANCE
SUMMER MAY 2023 INTAKE
COURSES OFFERED:
Bachelors/Masters
International Business/
Marketing/Finance
MBA [Specialized Programs]
Master of Science
Digital Marketing
IT & Data Management
Bachelors in Fashion & Luxury
Sports Management etc.
CAMPUSES
The American Business
School of Paris
ICD Business School
IGS RH
ESAM
Without IELTS Gap Accepted
After around 5 years-Student become eligible to apply for PR
Apply now:
CAREER GUIDANCE CENTRE
3rd Floor, Jyothi supper Bazar, Thodupuzha, Idukki Dt, Kerala - 685584
+91 9447421594, +91 7907002154